2024 DECEMBER
18
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പാഠപുസ്തകങ്ങളുടെ വില 20 ശതമാനം കുറയും

# ഫ്ളിപ്കാർട്ടും ആമസോണുമായി ധാരണാപത്രം ഒപ്പിട്ട് എൻസിഇആർടി




**ന്യൂഡൽഹി:** എൻസിഇആർടിയുടെ 9 മുതൽ 12 വരെ ക്ലാസുകളിലെ പുസ്തകങ്ങളുടെ വില 20 ശതമാനം കുറച്ചു. പുസ്തകങ്ങളുടെ വിലക്കുറവ് വരുന്ന അധ്യയന വർഷം മുതൽ നിലവിൽ വരും. എന്നാൽ 1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ കോപ്പി ഒന്നിന് 65 രൂപ നിരക്കിൽ വിൽക്കുന്നത് തുടരും.

പുതുക്കിയ നിരക്കിൽ ഫ്ലിപ്കാർട്ടും ആമസോണുമായി എൻസിഇആർടി ധാരണാപത്രം ഒപ്പുവച്ചു. ഈ പ്ലാറ്റ്ഫോമുകളിലൂടെ ഗ്രാമങ്ങളിൽ പോലും കുറഞ്ഞ നിരക്കിൽ പുസ്തകങ്ങൾ ലഭ്യമാക്കുമെന്നാണ് അധികൃതർ അറിയിച്ചു. ഓരോ വർഷവും 300 ടൈറ്റിലുകളിലായി ഏകദേശം 45 കോടി പാഠപുസ്തകങ്ങളാണ് എൻസിഇആർടി അച്ചടിക്കുന്നത്. അടുത്ത അധ്യയന വർഷത്തോടെ ഏകദേശം 15 കോടി പുസ്തകങ്ങൾ അച്ചടിക്കാനാണ് എൻസിഇആർടി പദ്ധതിയിട്ടിരിക്കുന്നത്.

# എട്ടുവർഷം, സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ മരിച്ചത് 940 പേർ

**കോട്ടയം:** കേരളത്തിൽ 2016 ഏപ്രിൽ ഒന്നുമുതൽ 2024 നവംബർ 11 വരെ വന്യജീവി ആക്രമണത്തിൽ മരിച്ചത് 940 പേർ. പരിക്കേറ്റവർ 7917. എട്ടുവർഷത്തിനിടെ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി നൽകിയത് 27.21 കോടിരൂപ. പരിക്കേറ്റവർക്ക് 24.07 കോടിരൂപയും നൽകി.

മനുഷ്യവന്യമൃഗ സംഘർഷം ഓരോവർഷവും കൂടുകയാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 39,484 സംഘർഷങ്ങളുണ്ടായെന്നാണ് വനംവകുപ്പ് കണക്ക്. 201920ൽ 6341 സംഭവങ്ങളുണ്ടായി. 202223ൽ അത് 8236 ആയും 202324ൽ 9838 ആയും ഉയർന്നു.

വന്യജീവി ആക്രമണങ്ങളിൽ കൂടുതൽ മരണം പാമ്പുകടിയേറ്റാണ്. എട്ടുവർഷംകൊണ്ട് അറനൂറിലേറെ പേർ. 200 പേർ കാട്ടാനയാക്രമണത്തിലും മരിച്ചു. കാട്ടുപന്നിയുടെ ആക്രമണത്തിൽ 46 പേരും കടുവയുടെ ആക്രമണത്തിൽ എട്ടുപേരും മരിച്ചു. തേനീച്ചയുടെയും കടന്നലിന്റെയും കുത്തേറ്റു മരിച്ചത് 30 പേരാണ്.

4796 വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടതിന് 8.77 കോടിരൂപ നഷ്ടപരിഹാരം നൽകി. കൃഷിനാശത്തിന് 38.23 കോടിയും.

## നേരിയ വർധന: പവന് 57,200 രൂപയായി

**മുംബൈ:** മൂന്ന് ദിവസമായി മാറ്റമില്ലാതെ തുടർന്ന സ്വർണ വിലയിൽ ചൊവാഴ്ച നേരിയ വർധനവ് രേഖപ്പെടുത്തി. പവന് 80 രൂപ കൂടി 57,200 രൂപയായി. ഗ്രാമിന് 10 രൂപയാണ് കൂടിയത്. ഇതോടെ ഒരു ഗ്രാം സ്വർണത്തിന്റെ വില 7150 രൂപയായി.

രാജ്യത്തെ കമ്മോഡിറ്റി എക്സ്ചേഞ്ച് ആയ എംസിഎക്സിൽ 10 ഗ്രാം 24 കാരറ്റ് സ്വർണ വില 75,810 രൂപയാണ്. അന്താരാഷ്ട്ര വിപണിയിൽ സ്പോട് ഗോൾഡിന് ട്രോയ് ഔൺസിനു 2,654 ഡോളർ നിലവാരത്തിലുമാണ് വ്യാപാരം നടക്കുന്നത്.



# വിമാന നിരക്ക് കുതിച്ചുയരുന്നു; ടിക്കറ്റിന് 17,000 രൂപ വരെ

**ചെന്നൈ:** ക്രിസ്മസിനോട് അനുബന്ധിച്ചുള്ള ദിവസങ്ങളിൽ കേരളത്തിലേക്കുള്ള ട്രെയിനിൽ ടിക്കറ്റില്ലാതെ വലയുന്ന യാത്രക്കാർക്ക് ഇരുട്ടടിയായി വിമാനടിക്കറ്റ് നിരക്ക് കുതിച്ചുയരുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് 10,000 രൂപയ്ക്കു മുകളിലാണു ടിക്കറ്റ് നിരക്ക്. ചില സർവീസുകളിൽ 14,000,17000 രൂപ വരെ ഈടാക്കുന്നുണ്ട്.

തിരുവനന്തപുരത്തേക്ക് 21നു പുലർച്ചെ 4.50നുള്ള വിമാനത്തിൽ 9,281 രൂപയാണു നിരക്ക്. എന്നാൽ മറ്റു രണ്ടു സർവീസുകളിലും 14,846, 17,156 എന്നിങ്ങനെയാണു നിരക്ക്. 22ന് 13,586, 14,846, 15,686, 23ന് 9,281, 12,221, 12,746 എന്നിങ്ങനെയും ഈടാക്കുന്നു. കൊച്ചിയിലേക്ക് 21ന് 11,000 രൂപ മുതലാണു നിരക്ക്. പരമാവധി 15,000 രൂപ. 22ന് 10,519,12,882, 23ന് 11,307,14,142 രൂപ. കോഴിക്കോട്ടേക്കും സമാനമായ നിരക്കാണ് ഈടാക്കുന്നത്. അതേസമയം, കണ്ണൂരിലേക്കു മാത്രമാണ് നിരക്കിൽ അൽപം ആശ്വാസം. കണ്ണൂരിലേക്കു നേരിട്ടുള്ള ഏക വിമാനത്തിൽ 21ന് 8,840 രൂപയാണ്. 22ന് 5,060, 23ന് 6,057 രൂപ. നാട്ടിലേക്കുള്ള യാത്രക്കാരുടെ എണ്ണം കൂടുമ്പോൾ ടിക്കറ്റ് നിരക്ക് വീണ്ടും ഉയരാനാണു സാധ്യത.





എറണാകുളം ലൂർദ്ദ് ആശുപത്രിയുടെ അറുപതാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ലെഗാമെ 24 ആഘോഷപരിപാടികളുടെ പ്രഖ്യാപനം ആശുപത്രി ഡയറക്ടർ ഫാ. ജോർജ്ജ് സെക്വീര വാർത്താ സമ്മേളനത്തിൽ നിർവ്വഹിക്കുന്നു.അന്ന സിജി ജോർജ്ജ്, ഡോ. ജോയിസ് വർഗ്ഗീസ്, ഫാ. വിമൽ ഫ്രാൻസിസ്, ഡോ.പോൾ പുത്തൂരാൻ, റ്റിറ്റ്സൺ ദേവസി എന്നിവർ സമീപം

# അറുപതിന്റെ നിറവിൽ എറണാകുളം ലൂർദ്ദ് ആശുപത്രി

**കൊച്ചി:**വരാപ്പുഴ അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം ലൂർദ് ആശുപത്രി അറുപതിന്റെ നിറവിൽ. ഡിസംബർ 20 ന് ആശുപത്രിയിൽ വിപുലമായ ആഘോഷം സംഘടിപ്പിക്കുമെന്ന് ആശുപത്രി ഡയറക്ടർ ഫാ. ജോർജ്ജ് സെക്വീര, അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ്, മെഡിക്കൽ ഡയറക്ടർ ഡോ.പോൾ പുത്തൂരാൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 60 ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ലൂർദ്ദ് ആശുപത്രി ' ലെഗാമെ 24 ' എന്ന പേരിൽ സംഘടിപ്പിക്കുന്ന ആഘോഷത്തിലൂടെ വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടംപിടിക്കുമെന്ന് ഫാ. ജോർജ്ജ് സെക്വീര പറഞ്ഞു.1965 ലാണ് ആശുപത്രി പ്രവർത്തനം ആരംഭിച്ചത്. ഈ മാസം 20 (ഡിസംബർ) ന് വൈകുന്നേരം 4.30ന് നടക്കുന്ന ചടങ്ങിൽ ലൂർദ് സ്ഥാപനങ്ങളിലെ രണ്ടായിരത്തിൽപ്പരം ജീവനക്കാരെ അണിനിരത്തിയാണ് ആഘോഷം സംഘടിപ്പിക്കുന്നത്. ആശുപത്രി ജീവനക്കാർ സംയുക്തമായി തയ്യാറാക്കിയ ക്രിസ്തുമസ് കേക്ക് ഒരുമിച്ച് മുറിച്ച് പരസ്പരം പങ്കിട്ടും, പ്രതിജ്ഞ എടുത്തും, സുംബാ ഡാൻസ് കളിച്ചുമാണ് അറുപതാം ആഘോഷം സംഘടിപ്പിക്കുന്നത്. വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സ് ചരിത്രത്തിൽ 152 രാജ്യങ്ങളിൽ ഇത് ആദ്യമായാണ് ഒരു ആശുപത്രി ഇത്തരത്തിൽ ആഘോഷം സംഘടിപ്പിച്ച് റെക്കോർഡ് ബുക്കിൽ ഇടം പിടിക്കുന്നതെന്ന് ഫാ. ജോർജ്ജ് സെക്വീര പറഞ്ഞു.

ലൂർദ് സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ കാലം സേവനം ചെയ്ത 60 ജീവനക്കാരെ ആദരിക്കും. കൂടാതെ ലൂർദ് സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി സൗജന്യ രക്ത പരിശോധന ക്യാമ്പ്, പുതിയ ഹെൽത്ത് ഇൻഷുറൻസ് പദ്ധതി എന്നവയും ആരംഭിക്കും. സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ 60 സ്പെഷ്യലൈസ്ഡ് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കും. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം സമൂഹത്തിൽ പകർന്നു നൽകുന്നതിനായി ലൂർദ് ആശുപത്രിയിലും അനുബന്ധ സ്ഥാപനങ്ങളിലും 60 വൃക്ഷത്തൈകൾ നടും. പ്രഗൽഭരായ 60 ഡോക്ടർമാരുടെ ആരോഗ്യസംബന്ധമായ ലേഖനങ്ങളടങ്ങിയ പുസ്തകത്തിന്റെ പ്രകാശനവും ഉണ്ടാകുമെന്നും ഫാ. ജോർജ്ജ് സെക്വീര പറഞ്ഞു. ഡോ. ജോയിസ് വർഗ്ഗീസ്, എച്ച്ആർ മാനേജർ അന്ന സിജി ജോർജ്ജ്, റിലേഷൻസ് ഓഫിസർ റ്റിറ്റ്സൺ ദേവസി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




വൈദ്യുതി ചാർജ് വർധനവിനെതിരെ പെരുമ്പാവൂർ ഹോസ്പിറ്റൽ ജംഗ്ഷനിൽ നടത്തിയ പ്രതിഷേധ ധർണ്ണ ട്വന്റി 20 പാർട്ടി സംസ്ഥാന എക്സിക്യൂട്ടിവ് ബോർഡ് മെമ്പർ അഡ്വ ചാർളി പോൾ ഉദ്ഘടനം ചെയ്യുന്നു. നിയോജക മണ്ഡലം പ്രസിഡന്റ് സിബി വർഗ്ഗീസ്, ജില്ല പഞ്ചായത്ത് അംഗം പി.എം നാസർ, ജില്ലാ കോർഡിനേറ്റർ സന്തോഷ് വർഗ്ഗീസ് എം. വി. വിജയകുമാർ എന്നിവർ സമീപം.

## വൈദ്യുതി ചാർജ് വർധനവിനെതിരെ പ്രതിഷേധ ധർണ്ണയും പന്തം കൊളുത്തി പ്രകടനവും നടത്തി

**പെരുമ്പാവൂർ :** വൈദ്യുതി ചാർജ് വർധനവിനെതിരെ ട്വന്റി 20 പാർട്ടി പെരുമ്പാവൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പെരുമ്പാവൂർ ഗവൺമെന്റ് ഹോസ്പിറ്റൽ ജംഗ്ഷനിൽ നിന്ന് പ്രതിഷേധ ജ്വാല യും തുടർന്ന് പന്തം കൊളുത്തി പ്രകടനവും നടത്തി. പന്തം കൊളുത്തി പ്രകടനം ഗവൺമെന്റ് ബോയ്സ് സ്ക്കൂൾ ജംഗ്ഷനിൽ സമാപിച്ചു.പാർട്ടി'സംസ്ഥാന എക്സിക്യൂട്ടീവ് ബോർഡ് അംഗം അഡ്വ. ചാർളി പോൾ ധർണ്ണ ഉദ് ഘാടനം ചെയ്തു.നിയോജക മണ്ഡലം പ്രസിഡന്റ് സിബി വർഗ്ഗീസ് അധ്യക്ഷതവഹിച്ചു.

ജില്ലാ കോ ഓർഡിനേറ്റർ സന്തോഷ് വർഗ്ഗീസ്, ജില്ലാ പഞ്ചായത്ത് അംഗം പി എം നാസർ , എം വി . വിജയകുമാർ, ടി എം ജോയി,പി എ നസീർ , സജ്ന നസീർ എന്നിവർ പ്രസംഗിച്ചു. നൂറ് കണക്കിന് പ്രവർത്തകർ ധർണ്ണയിലും പ്രകടനത്തിലും പങ്കെടുത്തു.

## ശബരിമലയിൽ സമ്പൂർണ ഇന്റർനെറ്റ് കവറേജ് ; നിലയ്ക്കൽ മുതൽ പമ്പ വരെ കേബിൾ സ്ഥാപിക്കും

**ശബരിമല:** ഇന്റർനെറ്റ് കവറേജ് ശബരിമലയിൽ സമ്പൂർണമാക്കാൻ നിലയ്ക്കൽ മുതൽ പമ്പ വരെ ഡക്ട് ഫൈബർ ഒപ്റ്റിക് കേബിൾ സ്ഥാപിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പി. എസ്.പ്രശാന്ത് പറഞ്ഞു.ഇന്റർനെറ്റ് വേണ്ടത്ര ലഭ്യമല്ലാത്തത് ശബരിമലയിലെ വലിയ പ്രശ്നമാണ്. ബിഎസ്എൻഎൽ ഉൾപ്പെടെയുള്ള എല്ലാ സേവന ദാതാക്കളുടെയും സഹായം ഇതിൽ അഭ്യർഥിച്ചിട്ടുണ്ട്.ഇതിനുള്ള ഡക്ട് ഫൈബർ ഒപ്റ്റിക് കേബിൾ യാഥാർഥ്യമായാൽ ശബരിമലയിൽ ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ് എന്നിവ പൂർണ തോതിൽ ലഭിക്കും. നിലവിൽ മണ്ഡല മകരവിളക്ക് തീർഥാടന കാലത്താണു മാത്രമാണ് ബിഎസ്എൻഎൽ ഒഴികെയുള്ള കമ്പനികളുടെ ഇന്റർനെറ്റ് ലഭ്യമാകുന്നത്. ബ്രോഡ്ബാൻഡ് വന്നാൽ 365 ദിവസവും ഇന്റർനെറ്റ് ലഭ്യമാകും.ദേവസ്വം ബോർഡിൽ സമ്പൂർണ ഡിജിറ്റലൈസേഷൻ നടപ്പാക്കുകയാണ്.ഇതിനായി ടെംപിൾ സോഫ്റ്റ്വെയർ തയാറാക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്ലാറ്റിനം ജൂബിലി ആഘോഷത്തോട് അനുബന്ധിച്ച് അടുത്ത വർഷം സമ്പൂർണ ഡിജിറ്റലൈസേഷൻ നടപ്പാക്കും.

ഇതിനായി കേരള പൊലീസിന്റെ സൈബർ ഉപദേശകനായ ഡോ. വിനോദ് ഭട്ടതിരിയെ ചീഫ് അഡ്വൈസർ ആയി നിയമിച്ചിട്ടുണ്ട്.ആദ്യ ഘട്ടത്തിൽ റെവന്യൂ, ചെലവ് വിഭാഗമാണ് ഡിജിറ്റലൈസ് ചെയ്യുക.തുടർന്ന് ഇഗവേണൻസ് നടപ്പാക്കും. പ്രൈസ് സോഫ്റ്റ്വെയർ, ഇടെൻഡർ, ഇബില്ലിങ് മുതലായവയും നടപ്പാക്കും. ഇതോടെ ദേവസ്വം ഭരണത്തിന്റെ വേഗം കൂടും. സുതാര്യത കൈവരികയും വരുമാന ചോർച്ച ഇല്ലാതാവുകയും ചെയ്യും. ഇത് ബോർഡിനെ വരുമാന വർധനയിലേക്കു നയിക്കും. ഡിജിറ്റലൈസേഷന്റെ ഭാഗമായി നാഷനൽ ഇൻഫർമാറ്റിക്സ് സെന്ററുമായി (എൻഐസി) സഹകരിച്ചാണു ടെംപിൾ സോഫ്റ്റ്വെയർ തയാറാക്കുന്നത്.ദേവസ്വം ബോർഡിന് കീഴിലെ 1252 ക്ഷേത്രങ്ങളിൽ ടെംപിൾ സോഫ്റ്റ്വെയർ നിലവിൽവരും. ഇതിനുള്ള ധാരണാപത്രം എൻഐസിയുമായി 20ന് ഒപ്പിടും. അടുത്തവർഷം മുതൽ ശബരിമല തീർഥാടനത്തിലും ഇത് പ്രതിഫലിക്കും. തമിഴ്നാട്ടിലെ 45,000 ക്ഷേത്രങ്ങളുടെ സോഫ്റ്റ്വെയർ തയാറാക്കിയത് ഇവരാണ്.



## ഉളവയ്പ് കായൽ കാർണിവലിന് ഒരുക്കം തുടങ്ങി

**പൂച്ചാക്കൽ:** ഉളവയ്പ് കായൽ കാർണിവലിന്റെ ഒരുക്കങ്ങൾ കായലോരത്തു തുടങ്ങി. 31ന് രാത്രി കൂറ്റൻ പാപ്പാഞ്ഞിയെ കത്തിച്ച് പുതുവർഷത്തെ വരവേൽക്കലാണ് ഇവിടത്തെ പ്രധാന ആഘോഷം. കാർണിവലിന്റെ 10 ാം വർഷത്തോട് അനുബന്ധിച്ച് 'കായൽ 10' എന്ന പേരിൽ അനുബന്ധ പരിപാടികളും ഗ്രാമീണരായ സംഘാടകർ ഒരുക്കുന്നുണ്ട്. 35 അടി നീളവും 6 അടി വീതിയുമുള്ളതാണ് പാപ്പാഞ്ഞി. എ. അഭിഷേക്, ജോബിൻ ജോർജ് എന്നിവരാണ് ശിൽപികൾ. പാപ്പാഞ്ഞിയുടെ നിർമാണവും തുടങ്ങിയിട്ടുണ്ട്.

ആഘോഷരാവിൽ നാട്ടിലെ അമ്മമാർ തയാറാക്കി എത്തിക്കുന്ന കപ്പയും കക്കായിറച്ചിയും ഇക്കുറിയും ഉണ്ടാകും. വ്യാപാര വിപണന സ്റ്റാളുകൾ, വിവിധ മത്സരങ്ങൾ, ഗെയിമുകൾ, സെമിനാർ, അമ്യൂസ്മെന്റ് പാർക്, വാന നിരീക്ഷണം, സെൽഫി പോയിന്റ്, ലൈറ്റ് ഷോ, സജി പാറു നയിക്കുന്ന ഫോക് റെവല്യൂഷൻ, സുരക്ഷാ, പാർക്കിങ് ക്രമീകരണങ്ങൾ തുടങ്ങിയവയാണ് ഒരുക്കുന്നത്.

25 മുതൽ മത്സരങ്ങൾ തുടങ്ങും. സംഗീത സംവിധായകൻ സണ്ണി മാധവൻ ചെയർമാനും സഫിൻ പി. രാജ് കൺവീനറും സന്ദീപ് രാജ് ട്രഷററും നടൻ സന്ദീപ് മോഹൻ ക്യൂറേറ്ററുമായ സംഘാടക സമിതിയാണ് ആഘോഷത്തെ നയിക്കുന്നത്. 'ആമേൻ, വാരിക്കുഴിയിലെ കൊലപാതകം' തുടങ്ങിയ സിനിമകളിലൂടെ മലയാളികൾക്ക് ഉളവയ്പ് പരിചിതമാണ്. ഇവിടെ സൂര്യാസ്തമയം കാണുന്നതിനും തിരക്കേറെയാണ്.

# ആധുനികസംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പാലുത്പാദനം വർധിപ്പിക്കുക ലക്ഷ്യം: മന്ത്രി

**ചിറ്റൂർ:** ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പാലുത്പാദനം വർധിപ്പിക്കുകയാണ് ലക്ഷ്യമെന്നു മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണി.

പ്ലാച്ചിമടയിലെ ഡോക്ടർ വർഗീസ് കുര്യൻ നഗറിൽ രണ്ടു ദിവസങ്ങളിലായി നടന്ന ജില്ലാ ക്ഷീരകർഷകസംഗമത്തിൻറെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ക്ഷീരകർഷകർക്കും പശുക്കൾക്കും ഉള്ള ഇൻഷ്വറൻസ് പദ്ധതികൾ വ്യാപകമാക്കും.

കന്നുകാലി ഇൻഷുറൻസ് പദ്ധതിക്കായി എട്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്. പകുതി സബ്സിഡിയിൽ കന്നുകാലികൾക്കായുള്ള ഇൻഷ്വറൻസ് ലഭ്യമാക്കും. ഇൻഷുറൻസ് ഇല്ലാത്ത കന്നുകാലികൾക്ക് മരണം സംഭവിക്കുന്നത് മൂലം കർഷകർക്ക് വരുന്ന നഷ്ടം ഇല്ലാതാക്കാൻ ആണ് ഈ പദ്ധതി എന്നും മന്ത്രി പറഞ്ഞു.കേന്ദ്രത്തിൻറെ നിഷേധാത്മക സമീപനം കാരണം കേരളത്തിൻറെ പദ്ധതികൾ വെട്ടിക്കുറക്കേണ്ട സാഹചര്യമാണുള്ളത്. എന്നാൽ കന്നുകുട്ടി പരിപാലന പദ്ധതി തുക സംസ്ഥാനം വെട്ടി കുറയ്ക്കില്ല. ഈ വർഷം 22 കോടി രൂപയാണ് പദ്ധതിക്ക് അനുവദിച്ചതെന്നും മന്ത്രി കൂട്ടിച്ചേർത്തു. ചടങ്ങിൽ ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ് പദ്ധതി വിശദീകരണം നടത്തി.

മന്ത്രി കെ. കൃഷ്ണൻകുട്ടി, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ. ബിനുമോൾ, മിൽമ ചെയർമാൻ കെ.എസ്. മണി , ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എ. സുജാത, പെരുമാട്ടി, വടകരപ്പതി, നല്ലേപ്പിള്ളി, കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരായ റിഷ പ്രേംകുമാർ, ജോസി ബ്രിട്ടോ, അനീഷ, എം. സതീഷ് ജില്ലാ പഞ്ചായത്ത് അംഗങ്ങളായ മാധുരി പത്മനാഭൻ, മിനി മുരളി, ബ്ലോക്ക് പഞ്ചായത്ത് അംഗവും കെഎസ്ഇബി സ്വതന്ത്ര ഡയറക്ടറുമായ അഡ്വ.വി. മുരുകദാസ്, ക്ഷീരസംഘം മേധാവികൾ, ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.



# നേന്ത്രപ്പഴത്തിനും നാളികേരത്തിനും വില കുതിച്ചുയരുന്നു

**വടക്കഞ്ചേരി:** നാടൻ നേന്ത്രപ്പഴത്തിൻറെ വില വീണ്ടും കൂടി. കിലോയ്ക്കു വില 75 രൂപയും കടന്നു. ആഴ്ചകൾക്കു മുമ്പ് 60 രൂപയിൽ താഴെയായിരുന്ന വിലയാണ് പെട്ടെന്നുയർന്നിട്ടുള്ളത്. തമിഴ്നാട്ടിൽ നിന്നുള്ള കായ ഉൾപ്പെടെ വരവുകുറഞ്ഞതാണ് നാടൻ നേന്ത്രക്കായ വിലകൂടാൻ കാരണമെന്ന് പറയുന്നു.

ശബരിമല സീസണായതോടെ ചിപ്സുണ്ടാക്കുന്നതിനും വലിയ തോതിൽ കായ കയറ്റിപ്പോകുന്നുണ്ട്. കിലോയ്ക്ക് 60 രൂപ മുതൽ 64 രൂപ നിരക്കിലാണ് പാളയത്തെ സ്വാശ്രയ കർഷക സംഘത്തിൽ കർഷകരിൽ നിന്നും നേന്ത്രക്കായ എടുക്കുന്നതെന്ന് സംഘം പ്രസിഡൻറ് പ്രസാദ് പറഞ്ഞു. കുലയുടെ തോതും ഗുണവുമനുസരിച്ചാണ് വില. പൊതുവെ ഓണ സീസണിലാണ് ഇത്തരത്തിൽ നേന്ത്രക്കായ വില ഉയർന്നു നിൽക്കാറുള്ളത്.

നാടൻ കായയുടെ കുറവും വില വർധിക്കാൻ കാരണമാണ്. തണുപ്പു തുടങ്ങിയതോടെ പാളയംകോടൻ കായവില കുറഞ്ഞു. 13 രൂപ മുതൽ 20 രൂപ വരെ വിലയ്ക്കാണ് കർഷകരിൽനിന്ന് പാളയൻകോടൻ കായ എടുക്കുന്നത്. എന്നാൽ കടകളിലെ ചില്ലറവില്പന വില 30 രൂപയിൽ കൂടുതലാണ്.

ഞാലിപ്പൂവൻ വില 32 രൂപാ മുതൽ 40 രൂപാ വരെയുണ്ട്. പൂവൻ കായയുടെ വില 35 രൂപയായി. നാളികേര വിലക്കൊപ്പം വെളിച്ചെണ്ണ വിലയും കുതിച്ചുയരുകയാണ്.

നല്ല നാടൻ വെളിച്ചെണ്ണ വില കിലോയ്ക്ക് 320 രൂപയായി വർധിച്ചു. നാളികേര വില കിലോയ്ക്ക് 60 രൂപ കടന്നും കുതിക്കുകയാണ്. 45 രൂപാ മുതൽ 50 രൂപ നിരക്കിലാണ് സ്വാശ്രയ സംഘത്തിൽ നാളികേരം എടുക്കുന്നത്.

നാളികേരത്തിൻറെ വില കൂടിയെങ്കിലും ഉത്പാദനത്തിലുണ്ടായിട്ടുള്ള ഇടിവ് വിലവർധനവിൻറെ ആനുകൂല്യം കർഷകർക്ക് പ്രയാജനപ്പെടാത്ത സ്ഥിതിയാണ്. ഇടയ്ക്കുള്ള മഴമൂലം നാളികേരം ഉണക്കാനാകാത്ത ബുദ്ധിമുട്ടുകളും കർഷകർക്കുണ്ട്. ഇത് വിപണിയിലെ വെളിച്ചെണ്ണയ്ക്ക് ആവശ്യക്കാർ കൂടാനും കാരണമായി. നാളികേര വില ഉയർന്നതോടെ ചെറുകിട ഓയിൽ മില്ലുകാർ പിടിച്ചുനിൽക്കാനാകാതെ പൂട്ടി.

ഉയർന്ന വിലയ്ക്ക് നാളികേരം വാങ്ങി വെളിച്ചെണ്ണയാക്കി വിൽക്കുന്നത് ലാഭകരമല്ലെന്നാണ് ഓയിൽ മില്ലുടമകൾ പറയുന്നത്. വെളിച്ചെണ്ണ വില ഉയരുന്നത് മായം കലർന്ന വെളിച്ചെണ്ണ വലിയ തോതിൽ വിപണിയിൽ എത്താനും കാരണമായിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വിഭാഗങ്ങളും ആരോഗ്യവകുപ്പും കൃത്രിമ വെളിച്ചെണ്ണ പിടികൂടാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന ആവശ്യവും ശക്തമാണ്.

# പണമിടപാട് പൊരുത്തക്കേട്: പരിഹാരത്തിന് കാംപയിൻ തുടങ്ങി

**ന്യൂഡൽഹി :** 2023–24, 2021–22 സാമ്പത്തിക വർഷങ്ങളിലെ ആദായനികുതി റിട്ടേൺ വാർഷിക വിവര പ്രസ്താവന എന്നിവയിൽ വെളിപ്പെടുത്തിയ വരുമാനവും പണമിടപാടുകളും തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് നികുതിദായകരെ സഹായിക്കുന്നതിനായി കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് ഇലക്ട്രോണിക് കാംപയിൻ ആരംഭിച്ചു. സ്വന്തം എ ഐ എസ് പ്രകാരം നികുതി വിധേയമായ വരുമാനമോ, ഉയർന്ന മൂല്യമുള്ള ഇടപാടുകളോ ഉള്ളതും എന്നാൽ അതത് വർഷങ്ങളിൽ ഐടിആർ ഐഎഫയൽ ചെയ്തിട്ടില്ലാത്തതുമായ വ്യക്തികളെ ലക്ഷ്യമിടുന്നു. ഇവെരിഫിക്കേഷൻ സ്കീം, 2021 നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഈ സംരംഭം.

കാംപയിന്റെ ഭാഗമായി എ ഐ എസ മുഖാന്തിരം വെളിപ്പെടുത്തിയ ഇടപാടുകളും ഫയൽ ചെയ്ത ഐടിആർകളും തമ്മിൽ പൊരുത്തക്കേടുകൾ കണ്ടെത്തപ്പെട്ട നികുതിദായകർക്കും ഐടിആർ ഫയൽ ചെയ്യാത്ത വ്യക്തികൾക്കും എസ്എംഎസ് വഴിയും ഇമെയിൽ വഴിയും സന്ദേശങ്ങൾ അയച്ചിട്ടുണ്ട്. 202324 സാമ്പത്തിക വർഷത്തേക്ക്, പുതുക്കിയോ വൈകിയോ ഐടിആർ ഫയൽ ചെയ്യാനുള്ള അവസരം പ്രയോജനപ്പെടുത്താൻ വ്യക്തികളെ ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ സന്ദേശങ്ങളുടെ ഉദ്ദേശം.പുതുക്കിയതോ വൈകിയതോ ആയ ഐടിആർ ഫയൽ ചെയ്യാനുള്ള അവസാന തീയതി 2024 ഡിസംബർ 31 ആണ്.

2021–22 സാമ്പത്തിക വർഷവുമായി ബന്ധപ്പെട്ട കേസുകളിൽ, നികുതിദായകർക്ക് 2025 മാർച്ച് 31 നകം പുതുക്കിയ ഐടിആർകൾ ഫയൽ ചെയ്യാം.എ ഐഎസ് പോർട്ടലിലൂടെ, അകടൽ റിപ്പോർട്ട് ചെയ്ത വിവരങ്ങളിലുള്ള തിരുത്തൽ ഉൾപ്പെടെ, നികുതിദായകർക്ക് സ്വന്തം അഭിപ്രായങ്ങളും പ്രതികരണങ്ങളും അറിയിക്കാനും കഴിയും.നികുതി പാലനം ലളിതമാക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനുള്ള ആദായനികുതി വകുപ്പിന്റെ പ്രതിബദ്ധതയാണ് പുതിയ സംരംഭത്തിലൂടെ പ്രതിഫലിക്കുന്നത്. വികസിത ഭാരത ദർശനത്തിനനുഗുണമായ കൂടുതൽ കാര്യക്ഷമവും നികുതിദായകസൗഹൃദവുമായ സംവിധാനം സൃഷ്ടിക്കാൻ മൂന്നാം കക്ഷി ഡാറ്റ ഉപയോഗപ്പെടുത്തുന്നതിലൂടെ വകുപ്പ് ലക്ഷ്യമിടുന്നു.

# കെസിബിസി പുനരധിവാസ ഭവനപദ്ധതി ഉദ്ഘാടനം 20ന്

**വിലങ്ങാട്:** വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ കേരള കത്തോലിക്ക മെത്രാൻ സമിതി (കെസിബിസി) നടപ്പിലാക്കുന്ന ഭവന നിർമാണ പദ്ധതിയുടെ ഉദ്ഘാടനം 20 വൈകുന്നേരം അഞ്ചിന് വിലങ്ങാട് കെസിബിസി ചെയർമാൻ കർദിനാൾ ബസേലിയോസ് മാർ ക്ലീമീസ് കാതോലിക്ക ബാവ നിർവഹിക്കും. കോഴിക്കോട് ബിഷപ്പും കെആർഎൽസിബിസി പ്രസിഡൻറുമായ ഡോ. വർഗീസ് ചക്കാലക്കൽ അധ്യക്ഷത വഹിക്കും.കെസിബിസി സെക്രട്ടറി ജനറൽ ബിഷപ് ഡോ. അലക്സ് വടക്കുംതല അനുഗ്രഹ പ്രഭാഷണവും താമരശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആമുഖപ്രഭാഷണവും നടത്തും. കോഴിക്കോട് ദേവഗിരി ഇടവകയാണ് ആദ്യത്തെ വീട് നിർമിച്ചുനൽകുന്നത്.ഷാഫി പറമ്പിൽ എംപി, ഇ.കെ. വിജയൻ എംഎൽഎ, വാണിമേൽ പഞ്ചായത്ത് പ്രസിഡൻറ് പി. സുരയ്യ, നരിപ്പറ്റ പഞ്ചായത്ത് പ്രസിഡൻറ് കെ. ബാബു തുടങ്ങിയവർ പങ്കെടുക്കും.വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കായി കെസിബിസിയുടെ നേതൃത്വത്തിൽ വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നതായി കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, താമരശേരി രൂപത വികാരി ജനറാൾ മോൺ. ഏബ്രഹാം വയലിൽ, സിഒഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര എന്നിവർ അറിയിച്ചു.

# ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന മെഗാസംഗമം നടത്തി

**മാനന്തവാടി:** ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മാനന്തവാടി രൂപതയിലെ ചെറുകാട്ടൂർ ശാഖയിൽ മലബാർ റീജണിലെ ശാഖ, മേഖല, രൂപത വൈസ് ഡയറക്ടർമാരുടെയും അല്മായ പ്രതിനിധികളുടെയും സംഗമം നടത്തി.

മിഷൻലീഗ് സംസ്ഥാന പ്രസിഡൻറ് രഞ്ജിത്ത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ആമുഖ പ്രഭാഷണം നടത്തി. സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി ജെയ്സൺ പുളിച്ചുമാക്കൽ, അന്തർദേശീയ സെക്രട്ടറി ബിനോയി പള്ളിപ്പറമ്പിൽ, ദേശീയ പ്രസിഡൻറ് സുജി പുല്ലുകാട്ട്, ഫാ. മനോജ് അമ്പലത്തിങ്കൽ, ഫാ. ജോസ് കപ്യാരുമലയിൽ, എന്നിവർ ക്ലാസുകൾ നയിച്ചു.

# 300 ബജറ്റ് ടൂറിസം ട്രിപ്പുകൾ പൂർത്തീകരിച്ച് കൂത്താട്ടുകുളം കെഎസ്ആർടിസി ഡിപ്പോ

**കൂത്താട്ടുകുളം:** കെഎസ്ആർടിസി ഡിപ്പോയിൽനിന്നു ക്രിസ്മസ് ന്യൂ ഇയർ ആഘോഷങ്ങളുടെ ഭാഗമായി 300 ട്രിപ്പുകളുമായി കൂത്താട്ടുകുളം ബജറ്റ് ടൂറിസം പൂർത്തീകരിക്കുകയാണ്. 2022 ഏപ്രിൽ 10ന് അഞ്ചുരുളി യാത്രയോടെ ആരംഭിച്ച ഉല്ലാസ യാത്രയാണ് 300 സുന്ദര യാത്രകൾ പൂർത്തിയാക്കുന്നത്.

ഉല്ലാസ യാത്രയുടെ പ്രമോഷൻ സോംഗും യാത്രികരുടെ സഹകരണത്തോടെ ഇറക്കിയിരുന്നു. ഈ മാസം ശിവഗിരി ചെന്പഴന്തി, അയ്യപ്പക്ഷേത്ര ദർശനം എന്നീ തീർഥാടന യാത്രകളും ക്രമീകരിച്ചിട്ടുണ്ട്.

മലമ്പുഴ, ചതുരംഗപാറ, മാമലകണ്ടം, മലക്കപ്പാറ, വട്ടവട, രാമക്കൽമേട്, മറയൂർ, കോവളം തുടങ്ങിയ സ്ഥലങ്ങളിലേക്കും കൂടാതെ കുമരകം ഹൗസ് ബോട്ട് ടൂറിസം, സീ അഷ്ടമുടി എന്നിവയും ക്രമീകരിച്ചിട്ടുണ്ട്. 21ന് വട്ടവട, 22ന് മലമ്പുഴ, വേളാങ്കണ്ണി, 23ന് മറയൂർ, 24ന് മലക്കപ്പാറ, 27ന് ഗവി, 28ന് ശിവഗിരി ചെമ്പഴന്തി, തെന്മല പാലരുവി, 29ന് രാമക്കൽമേട്, 31ന് സീ അഷ്ടമുടി എന്നീ ട്രിപ്പുകളിലേക്ക് ബുക്കിംഗ് തുടരുന്നു.

കൂടാതെ പുതുവത്സരത്തിൽ ഗ്രൂപ്പ് ബുക്കിംഗ് സൗകര്യവുമുണ്ട്. കപ്പൽയാത്ര ജനുവരിയിൽ ക്രമീകരിച്ചിട്ടുണ്ട്. ഫോൺ: 94974 15696, 9497883291.

# കുടുംബശ്രീയുടെ നയി ചേതന ജെൻഡർ കാർണിവൽ 23 ന്

**കൊച്ചി:** നവംബർ25ന് സംസ്ഥാനത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച 'നയി ചേതന' ദേശീയതല കാമ്പയിന്റെ സമാപനത്തോടനുബന്ധിച്ച് ഡിസംബർ 23 തിങ്കളാഴ്ച കുടുംബശ്രീ സി.ഡി.എസുകളിൽജെൻഡർ കാർണിവൽ സംഘടിപ്പിക്കും. സ്ത്രീധനവും സ്ത്രീകളുടെ സ്വത്തവകാശവും എന്ന വിഷയത്തിൽ ഓപ്പൺ ഫോറത്തോടു കൂടി കാർണിവൽ ആരംഭിക്കും. കാമ്പയിനുമായി ബന്ധപ്പെട്ട് ഒരുമാസമായി സി.ഡി.എസുകളിൽ നടത്തിയ പ്രവ4ത്തനങ്ങളുടെ റിപ്പോർട്ട് അവതരണം, ജെൻഡർ ചാമ്പ്യന്മാരെ ആദരിക്കൽ, പോഷകാഹാര ഭക്ഷ്യമേള എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികളും നടക്കും.

ജില്ലയിൽ 102 സി.ഡി.എസുകളിലുമായി 4 ലക്ഷം സ്ത്രീകൾ കാർണിവലിൽ പങ്കെടുക്കും. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഓക്സിലറി ഗ്രൂപ്പ്, ബാലസഭാംഗങ്ങൾ എന്നിവ4ക്ക് പുറമേ ജനപ്രതിനിധികൾ, വിവിധ മേഖലകളിലെ വിദഗ്ധർ, സ്കൂൾ കോളേജ്, വിദ്യാർഥികൾ എന്നിവരുടെ പങ്കാളിത്തവും ഉറപ്പാക്കും. ലിംഗവിവേചനത്തിനും ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കുമെതിരേ എന്നതാണു ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നയി ചേതന ദേശീയതല ക്യാമ്പയിന്റെ ഈ വർഷത്തെ ആശയം. സ്ത്രീകൾ, വിവിധ ലിംഗവിഭാഗത്തിലുള്ള വ്യക്തികൾ എന്നിവർക്കു വിവേചനമില്ലാതെയും അതിക്രമങ്ങൾ നേരിടാതെയും സ്വന്തം അവകാശത്തിൽ അധിഷ്ഠിതമായി നി4ഭയം ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണു ക്യാമ്പയിന്റെ ലക്ഷ്യം.

# യു.ജി.സി/സി.എസ്.ഐ.ആർനെറ്റ് പരിശീലനത്തിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** സർക്കാർ/എയ്ഡഡ് കോളേജുകളിൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരും നിലവിൽ പഠനം പൂർത്തിയായവരുമായ, സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച്, പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങളിലെ വിദ്യാർഥികളിൽനിന്ന് ജനസംഖ്യാനുപാതികമായി "യു.ജി.സി/സി.എസ്.ഐ.ആർനെറ്റ്" പരീക്ഷാ പരിശീലനത്തിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് എംപാനൽ ചെയ്ത 12 സ്ഥാപനങ്ങൾ മുഖാന്തിരമാണ് പരിശീലനം സംഘടിപ്പിക്കുന്നത്. കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മത വിഭാഗത്തിൽപ്പെട്ടവരും ബിരുദാനന്തര ബിരുദ ഒന്നാം വർഷ പരീക്ഷയിൽ 55% മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരും ബിരുദാനന്തര ബിരുദം 55% മാർക്കോടെ പൂർത്തിയാക്കിയവർക്കുമാണ് പരിശീലത്തിന് അർഹത. ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികളെ പ്രത്യേകം പരിഗണിച്ചു കൊണ്ടും കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിലുമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ എ.പി.എൽ വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയും പരിഗണിക്കും. www.minortiywelfare.kerala.gov.in വകുപ്പ് വെബ്സൈറ്റിലും തെരഞ്ഞെടുത്ത കോച്ചിംഗ് സ്ഥാപനങ്ങളുടെ വിവരങ്ങളും അപേക്ഷ ഫോമും ലഭ്യമാണ്. പരിശീലനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷ ഫോം പൂരിപ്പിച്ച് നേരിട്ടോ തപാൽ മുഖാന്തിരമോ പരിശീലനം നേടാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിലെ കോഴ്സ് കോഓർഡിനേറ്റർക്ക് സമർപ്പിക്കണം.

# അഴീക്കോട് മുനയ്ക്കൽ ബീച്ച് ഫെസ്റ്റ് 20ന്



**കൊടുങ്ങല്ലൂർ:** അഴീക്കോട് മുനയ്ക്കൽ മുസിരിസ് ഡോൾഫിൻ ബീച്ച് ഫെസ്റ്റ് 20 ന് തുടങ്ങും 12 ദിവസം നീണ്ടുനിൽക്കുന്ന തീരദേശ മഹോത്സവം 31 ന് സമാപിക്കും. 20 ന് വൈകീട്ട് ആറിന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. അന്നേദിവസം വൈകീട്ട് നാലിന് സീതിസാഹിബ് മെമ്മോറിയൽ ഹൈസ്കൂൾ ഗ്രൗണ്ടിൽനിന്ന് ആരംഭിക്കുന്ന ഘോഷയാത്ര ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഫ്ലാഗ് ഓഫ് ചെയ്യും. രാത്രി ഏഴിന് പിന്നണിഗായകർ എടപ്പാൾ വിശ്വവും റീന മുരളിയും നയിക്കുന്ന മെലഡി നൈറ്റ് അരങ്ങേറും.

21 ന് സാംസ്കാരികസമ്മേളനം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്യും. കുടുംബശ്രീകലാ കാരികളുടെ കലാവിരുന്ന് അരങ്ങേറും. 22 ന് സാംസ്കാരിക സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്യും. ഡാൻസ് ആൻഡ് മ്യൂസിക് ബാൻഡ് അരങ്ങേറും. 23 ന് അനുസ്മരണസമ്മേളനം മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. നാടകോത്സവം അരങ്ങേറും.

24 ന് സാംസ്കാരികസമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. റഗാസ ഫോക്ക് ബാൻഡിൻറെ നാടൻപാട്ടുകൾ അരങ്ങേറും. 25 ന് സാംസ്കാരികസദസ് കെ.എൻ. ഉണ്ണികൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. കേരള കലാമണ്ഡലം അവതരിപ്പിക്കുന്ന ക്ലാസിക്കൽ ഡാൻസ് ഫ്യൂഷൻ അരങ്ങേറും. 26 ന് സാംസ്കാരിക സായാഹ്നം വി.ആർ. സുനിൽകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും. മ്യൂസിക്കൽ കോമഡി നൈറ്റ് അരങ്ങേറും. 27 ന് മൊയ്തുപടിയത്ത് സ്മാരക പുരസ്കാരം സിനിമാതാരം ഷീലക്ക് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ സമ്മാനിക്കും. കുട്ടിക്കുപ്പായം സിനിമയുടെ 60 ാം വാർഷികവും ബഹദൂർ, പി. ഭാസ്കരൻ അനുസ്മരണവും നടക്കും. ഡോ. കെ. ജയകുമാർ, സംവിധായകരായ കമൽ, ഹരിഹരൻ, സത്യൻ അന്തിക്കാട്, വിനയൻ , അമ്പിളി എന്നിവർ പ്രസംഗിക്കും.

28 ന് മത്സ്യതൊഴിലാളികൾക്കുള്ള ആദരം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. കൊല്ലം ഷാഫി നയിക്കുന്ന ഇശൽ രാവ് അരങ്ങേറും. 29 ന് വ്യവസായ സംരംഭകരുടെ കൂട്ടായ്മ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. അലോഷി നയിക്കുന്ന പാട്ടും വർത്തമാനവും നടക്കും. 30 ന് ഡയാലിസിസ് കിറ്റ് വിതരണവും സാംസ്കാരിക സമ്മേളനവും കേരള നിയമസഭ സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്യും. പിന്നണി ഗായകരായ അഫ്സലും അഖിലയും നയിക്കുന്ന ഗാനമേള അരങ്ങേറും.

31 ന് സമാപന സമ്മേളനം മന്ത്രി കെ.ബി. ഗണേഷ്കുമാർ ഉദ്ഘാടനം ചെയ്യും. രാഗവല്ലി ബാൻറിൻറെ സംഗീത പരിപാടിക്കുശേഷം വർണമഴയോടെ ബീച്ച് ഫെസ്റ്റ് സമാപിക്കും. കടലിലേക്ക് ഉല്ലാസയാത്ര, ജില്ല ടൂറിസം പ്രമോഷൻ കൗൺസിലിൻറെ നേതൃത്വത്തിൽ വാട്ടർ സ്പോർട്സ്, വയനാടിനുവേണ്ടി ചൂള മരക്കാട്ടിൽ ഊഞ്ഞാലാട്ടം, ജില്ലാ ചാമ്പ്യൻഷിപ്പ് കബഡി, ബീച്ച് വോളി, വടംവലി, ചൂണ്ടയിടൽ മത്സരം, പട്ടം പറത്തൽ മത്സരം എന്നിവയും ബീച്ച് ഫെസ്റ്റിൻറെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ടെന്ന് സംഘാടകസമിതി ചെയർമാൻ ഇ.ടി. ടൈസൺ എംഎൽഎ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ജനറൽ കൺവീനർ കെ.പി. രാജൻ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ എം.എസ്. മോഹനൻ, കൺവീനർ സി.എ. നസീർ, ജില്ലാ പഞ്ചായത്ത് മെമ്പർ സുഗത ശശിധരൻ, പി.കെ. അസീം, നൗഷാദ് കറുകപ്പാടത്ത്, സുമിതാ ഷാജി , അഷറഫ് പൂവത്തിങ്കൽ, സെക്രട്ടറി സെറീന. എ. അലി, പി.കെ. മുഹമ്മദ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ശബരി റെയിൽ പദ്ധതി രണ്ട് ഘട്ടമായി വിപുലീകൃതമായി നടപ്പാക്കും

**തിരുവനന്തപുരം:** ശബരി റെയിൽ പദ്ധതി രണ്ട് ഘട്ടമായി വിപുലീകൃതമായ രീതിയിൽ നടപ്പാക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ഇതിന് അനുമതി ലഭ്യമാക്കാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കും. ആദ്യഘട്ടത്തിൽ അങ്കമാലി എരുമേലി നിലക്കൽ പാത പൂർത്തീകരിക്കും. നിർമാണ ചെലവിൻറെ 50 ശതമാനം തുക കിഫ്ബി വഹിക്കാമെന്ന സർക്കാർ തീരുമാനം തുടരും. ഈ തുക കടമെടുപ്പ് പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിച്ച് കിട്ടാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെടും. ആർബിഐയുമായി ചേർന്നുള്ള ത്രികക്ഷി കരാർ വേണ്ടെന്ന നിലപാട് സ്വീകരിക്കും. നിലവിൽ സിംഗിൾ ലൈനുമായി മുന്നോട്ട് പോകും.
വികസനഘട്ടത്തിൽ പാത ഇരട്ടിപ്പിക്കൽ പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അങ്കമാലി മുതൽ എരുമേലി വരെ 110 കിലോമീറ്റർ ദൈർഘ്യമുള്ള ശബരി റെയിൽവേ ലൈൻ 1997 98ലെ റെയിൽവേ ബജറ്റിലെ നിർദ്ദേശമാണ്. ഈ പദ്ധതിയ്ക്കായി 8 കിലോമീറ്ററോളം സ്ഥലമെടുപ്പ് പൂർത്തിയായി. അങ്കമാലിക്കും കാലടിക്കും ഇടയിലുള്ള 7 കിലോമീറ്റർ പാതയുടെ നിർമ്മാണം വളരെ മുമ്പുതന്നെ പൂർത്തീകരിച്ചതാണ്. ഈ ഭാഗത്ത് രണ്ട് മേൽപ്പാലങ്ങളുടെയും രണ്ട് അടിപ്പാതകളുടെയും നിർമ്മാണം വിഭാവനം ചെയ്തിരുന്നു. അടുത്ത 70 കിലോമീറ്റർ സ്ഥലമെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

26.09.2019ലെ റെയിൽവേ ബോർഡിന്റെ കത്ത് മുഖാന്തിരം പദ്ധതി മരവിപ്പിച്ചിരിക്കുകയാണെന്ന് അറിയിച്ചു. അതോടെ മേൽപ്പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ നിർത്തിവച്ചു.

അങ്കമാലി സംസ്ഥാന ശബരി പദ്ധതിയുടെ 50% തുക സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെട്ടു. പൂർണമായും റെയിൽവേ ഫണ്ടിൽ തുടങ്ങിയ പദ്ധതിയാണെങ്കിലും 2,815 കോടി രൂപ ചിലവ് കണക്കാക്കിയ പദ്ധതിയുടെ 50% ചിലവ് കിഫ്ബി വഴി വഹിക്കാൻ കേരള സർക്കാർ തയ്യാറാണെന്ന് 07.01.2021ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണ ചെലവ് 3,800.93 കോടി രൂപയായി വർധിച്ചു. റെയിൽവേ ബോർഡിന്റെ ആവശ്യപ്രകാരം പുതുക്കിയ എസ്റ്റിമേറ്റിനനുസൃതമായി 50% തുക പങ്കിടുന്നതിനുള്ള സന്നദ്ധതക്കുള്ള സ്ഥിരീകരണം സംസ്ഥാന സർക്കാർ നൽകിയെങ്കിലും പദ്ധതി റെയിൽവേ പുനരരുജ്ജീവിപ്പിച്ചിട്ടില്ല.കേരള വികസനത്തിന് വലിയ കുതിപ്പേകും വിധം ശബരി റെയിൽ പദ്ധതി വിപുലീകരിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള ചെങ്ങന്നൂർ പമ്പ പദ്ധതിക്ക് പകരം വിഴിഞ്ഞത്തെ ബന്ധിപ്പിക്കാവുന്ന പദ്ധതിയായി ഭാവിയിൽ ഇത് വികസിപ്പിക്കാവുന്നതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. യോഗത്തിൽ മന്ത്രി വി അബ്ദുറഹ്മാൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, എറണാകുളം ജില്ലാ കലക്ടർ എൻ എസ് കെ ഉമേഷ്, ഇടുക്കി കലക്ടർ വി. വിഗ്നേശ്വരി കോട്ടയം കലക്ടർ ജോൺ വി സാമുവൽ തുടങ്ങിയവർ പങ്കെടുത്തു.

# സിവിൽ രജിസ്ട്രേഷൻ സിസ്റ്റത്തെക്കുറിച്ച് പഠിക്കാൻ യൂണിസെഫ് പ്രതിനിധി കേരളത്തിൽ

**തിരുവനന്തപുരം:** കേരളത്തിലെ സിവിൽ രജിസ്ട്രേഷൻ സിസ്റ്റം സംബന്ധിച്ച് പഠനം നടത്തുന്നതിന് ബീഹാറിൽ നിന്നുള്ള യുണിസെഫ് പ്രതിനിധി ഡോ. അഭയ് കുമാറിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥസംഘം ഡിസംബർ 17 ന് സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പ് ഡയറക്ടറേറ്റ് സന്ദർശിച്ചു. വകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് സമഗ്രമായ വിവരണം ഡയറക്ടർ ശ്രീകുമാർ ബി. അവതരിപ്പിച്ചു. തുടർന്ന് 'സിവിൽ രജിസ്ട്രേഷൻ സിസ്റ്റം', 'മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത്' എന്നീ വിഷയങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ അവതരണം ഡെപ്യൂട്ടി ഡയറക്ടർ, യമുന എ. ആർ., നോസോളജിസ്റ്റ് പ്രീത് വി. എസ്. എന്നിവർ നടത്തി. പ്രസ്തുത പരിപാടിയിൽ ചീഫ് രജിസ്ട്രാർ ത്രേസ്യാമ്മ ആന്റണിയും ഇൻഫർമേഷൻ കേരള മിഷൻ പ്രതിനിധികളും പങ്കെടുക്കുകയുണ്ടായി. രണ്ടു സംസ്ഥാനങ്ങളിലേയും സ്ഥിതിവിവരക്കണക്ക് സംവിധാനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഉദ്യാഗസ്ഥരും സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പ് ഡയറക്ടറേറ്റിലെ അസി. ഡയറക്ടർമാർ മുതലുള്ള ഉന്നത ഉദ്യാഗസ്ഥരും സന്നിഹിതരായിരുന്നു.

# ആയുഷ് മേഖലയിൽ 14.05 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ

**തിരുവനന്തപുരം:** ആയുഷ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 24 ആയുഷ് ആരോഗ്യ കേന്ദ്രങ്ങളിൽ 14.05 കോടി രൂപ ചിലവഴിച്ചുള്ള വിവിധ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 18ന് വൈകുന്നേരം 4 മണിക്ക് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവ്വഹിക്കും. പുതിയ ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്ന തിരുവനന്തപുരം കോട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയിൽ വച്ച് നടത്തുന്ന സംസ്ഥാനതല ഉദ്ഘാടനത്തിൽ ആരോഗ്യ മന്ത്രി നേരിട്ടും ബാക്കിയുള്ള 23 ഇടങ്ങളിൽ ഓൺലൈനായും പങ്കെടുക്കും. ജി. സ്റ്റീഫൻ എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും. അടൂർ പ്രകാശ് എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ എന്നിവർ മുഖ്യാതിഥികളാകും.22 ആയുഷ് ആരോഗ്യ കേന്ദ്രങ്ങളിൽ വിവിധ നിർമ്മാണ പ്രവൃത്തികളുടെ ശിലാസ്ഥാപനവും 2 ഇടങ്ങളിൽ പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഉദ്ഘാടനവുമാണ് നിർവഹിക്കുന്നത്. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള 3 ആശുപത്രികൾ, 9 ഡിസ്പെൻസറികൾ, ഹോമിയോപ്പതി വകുപ്പിന്റെ ഒരു ആശുപത്രി, 8 ഡിസ്പെൻസറികൾ, ആയുർവേദ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവേദ കോളേജുകൾ എന്നിവിടങ്ങളിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനമാണ് നടക്കുന്നത്. തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ 1.4 കോടി രൂപയുടെ പുതിയ ഒ.പി ബ്ലോക്കിന്റെ നിർമ്മാണവും കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ 2.6 കോടി രൂപയുടെ പുതിയ ഇ.എൻ.ടി ബ്ലോക്കിന്റെ നിർമ്മാണവുമാണ് നടക്കുന്നത്.ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള തൊടുപുഴ സർക്കാർ ആയുർവേദ ആശുപത്രിയോടനുബന്ധിച്ചുള്ള സ്പോർട്സ് ആയുർവേദ ബ്ലോക്കും ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ പാങ്ങോട് സർക്കാർ ഹോമിയോപ്പതി ഡിസ്പെൻസറിയിലെ പുതിയ കെട്ടിടവുമാണ് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമായിട്ടുള്ളത്.

# രാജ്ഭവനിൽ ക്രിസ്മസ് വിരുന്നൊരുക്കി

**തിരുവനന്തപുരം:** ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇന്ന് രാജ്ഭവനിൽ വിരുന്നൊരുക്കി. ജനപ്രതിനിധികൾ, രാഷ്ട്രീയസാമുദായിക സംഘടനകളുടെ നേതാക്കൾ, ഇദ്യോഗസ്ഥർ തുടങ്ങിയവർ വിരുന്നിൽ പങ്കെടുത്തു. വൈകിട്ട് ആറുമണിയോടെയാണ് പരിപാടികൾ ആരംഭിച്ചത്. രാജ്ഭവൻ മുറ്റത്ത് പന്തലിട്ടാണ് വിരുന്നൊരുക്കിയത്. ചടങ്ങിന്റെ ഭാഗമായി ഗവർണർ കേക്ക് മുറിക്കുകയും സ്കൂൾ വിദ്യാർത്ഥികൾ ക്രിസ്മസ് ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. ഹാരിസ് ബീരാൻ എം. പി., ഡൽഹിയിലെ സംസ്ഥാന സർക്കാരിന്റെ പ്രതിനിധി കെ. വി. തോമസ്, ചാണ്ടി ഉമ്മൻ എം.എൽ.എ, ചീഫ് ഇൻഫർമേഷൻ കമ്മീഷണർ വി. ഹരി നായർ, മുൻ അംബാസിഡർ ടി. പി. ശ്രീനിവാസൻ, പാളയം ഇമാം ഷുഹൈബ് മൗലവി, ലത്തീൻ കത്തോലിക്ക അതിരൂപത മുൻ ആർച്ച് ബിഷപ്പ് ഡോ സൂസപാക്യം, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, വൈസ് ചാൻസിലർ മോഹനൻ കുന്നുമ്മൽ, ക്യൂസാറ്റ് വൈസ് ചാൻസിലർ ഡോ എം. ജുനൈദ് ബുഷറി, എം. ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ സി. ടി. അരവിന്ദ്കുമാർ, എ.പി. ജെ. അബ്ദുൽകലാം സാങ്കേതിക സർവകലാശാല വൈസ് ചാൻസിലർ ഡോ കെ. ശിവപ്രസാദ്, തുടങ്ങിയവർ വിരുന്നിൽ പങ്കെടുത്തു.

# കാർഷിക മൂല്യ ശൃംഖലാ ശാക്തീകരണം: ഏകദിന ശില്പശാല നാളെ

**കൊച്ചി:** കാർഷിക മേഖലയിൽ നിലവിലുള്ള സാധ്യതകളെ കൂടുതൽ പ്രയോജനപ്പെടുത്താൻ മൂല്യശൃംഖലയെ കാലാനുസൃതമായി ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് രൂപീകരിച്ച കേരള അഗ്രോബിസിനസ് കമ്പനി (കാബ്കോ) ഗ്രാന്റ് തോൺടൺ ഭാരത് എൽഎൽപിയുടെ സഹകരണത്തോടെ ഡിസംബർ 19ന് എറണാകുളം ഗോകുലം പാർക്കിൽ ഏകദിന ശില്പശാല സംഘടിപ്പിക്കും. കാർഷിക മൂല്യ ശൃംഖലാ ശാക്തീകരണം: കാബ്കോയുടെ ഇടപെടലുകൾ എന്ന വിഷയത്തിൽ നടക്കുന്ന ശിൽപ്പശാല കൃഷി വകുപ്പ് മന്ത്രി പി. പ്രസാദും വ്യവസായ വകുപ്പ് മന്ത്രി പി.രാജീവും ചേ4ന്ന് ഉദ്ഘാടനം ചെയ്യുമെന്ന് കാബ്കോ അഡീഷണൽ മാനേജിങ് ഡയറക്ടറും കേരഫെഡ് മാനേജിങ് ഡയറക്ടറുമായ സാജു കെ. സുരേന്ദ്രൻ അറിയിച്ചു.

ആഗോള ,ദേശീയ, പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന മൊത്ത വ്യാപാരികൾ, വിവിധ മേഖലകളിലെ വിദഗ്ധർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കാർഷിക സംസ്കരണ വിപണന മേഖലയിലെ സംരംഭകർ, ധനകാര്യ മേഖലയിലെ പ്രവർത്തകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, കർഷകർ, കൃഷിക്കൂട്ടം പ്രതിനിധികൾ, കർഷക ഉത്പാദക സംഘടനകളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

കർഷകർക്കും, കർഷക കൂട്ടായ്മകൾക്കും, കർഷക ഉത്പാദക സംഘടനകൾക്കും കാർഷിക സംരംഭകർക്കും ആവശ്യമായ വിപണീ വികസനം, കർഷകർ, കർഷക കൂട്ടായ്മകൾ, കർഷക ഉത്പാദക സംഘടനകൾ, കാർഷിക സംരംഭകർ തുടങ്ങിയവരെയെല്ലാം സാമ്പത്തികമായി ഉൾക്കൊള്ളിച്ച് വായ്പാ ലഭ്യത ഉറപ്പാക്കൽ, കാർഷിക വികസനത്തിനുള്ള കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) ഫണ്ടിന്റെ ലഭ്യത, കാർഷികമൂല്യ ശൃംഖലയുടെ വളർച്ചയ്ക്കായി, അടിസ്ഥാന സൗകര്യങ്ങളുടെയും ആസ്തികളുടെയും സാങ്കേതികവിദ്യയുടെയും സംയോജനം, കേരളത്തിലെ കാർഷിക മൂല്യ ശൃംഖലകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പങ്കാളിത്തം, കേന്ദ്ര കാർഷിക പദ്ധതികളുമായി യോജിച്ചുള്ള പ്രവർത്തനം എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടക്കും.

കയറ്റുമതി കമ്പനികൾ/വ്യവസായ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ/ഡയറക്ടർമാർ, മിഡിൽ ഈസ്റ്റിൽ നിന്നുള്ള ബിസിനസ് ഫോറങ്ങളെയും അസോസിയേഷനുകളെയും പ്രതിനിധീകരിക്കുന്ന വിദേശ ഇന്ത്യാക്കാർ, നെതർലാൻഡ് സർക്കാരിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ പാനലിസ്റ്റുകളാകും. അഗ്രി ബിസിനസ്സിനായി സിയാൽ മാതൃകയിൽ രൂപീകരിച്ച കാബ്കോയ്ക്ക് സാങ്കേതിക പിന്തുണ നൽകുന്നത് ഗ്രാന്റ് തോൺടൺ ഭാരത് എൽഎൽപിയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയാണ് ശിൽപ്പശാലയുടെ സ്പോൺസർമാർ. ഗ്രാന്റ് തോൺടൺ ഭാരത് എൽഎൽപി പാർട്ണർ & സോഷ്യൽ സെക്ടർ ലീഡർ ട്രാൻസ്ഫോർമേഷൻ കൺസൾട്ടിംഗ് പ്രൊഫ. വി.പത്മാനന്ദ്, മാനേജർ ആശിഷ് കുമാർ, കാബ്കോയിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# മദ്യാസക്തി മൂലമുള്ള പ്രശ്നങ്ങൾ ഗാർഹികാന്തരീക്ഷത്തെ സംഘർഭരിതമാക്കുന്നു: വനിത കമ്മിഷൻ

**ആലപ്പുഴ:** മദ്യപാനാസക്തി മൂലമുള്ള പ്രശ്നങ്ങൾ ഗാർഹികാന്തരീക്ഷത്തെ സംഘർഭരിതമാക്കുന്നതായി വനിത കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. സംസ്ഥാന വനിതാ കമ്മിഷൻ ആലപ്പുഴ ഗസ്റ്റ്ഹൗസിൽ സംഘടിപ്പിച്ച ജില്ലാതല അദാലത്തിന് ശേഷം സംസാരിക്കുകയായിരുന്നു കമ്മിഷൻ അധ്യക്ഷ.

ജില്ലയിലെ അദാലത്തിൽ ലഭിച്ച പരാതികളിൽ നല്ലൊരു ശതമാനവും ഗാർഹിക ചുറ്റുപാടുകളിലെ പ്രശ്നങ്ങളായിരുന്നു. ഭാര്യാഭർതൃ കലഹങ്ങൾ കുട്ടികളുടെ മാനസിക നിലയെയും പഠനത്തെയും ദോഷകരമായി ബാധിക്കുന്നതായി പരാതികളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അയൽപക്ക അതിർത്തി തർക്കങ്ങളും മദ്യപാനത്തെത്തുടർന്നുള്ള അയൽപക്ക കലഹങ്ങളും കമ്മീഷന് മുമ്പാകെ എത്തിയിട്ടുണ്ട്. പല കേസുകളിലും പരാതി കൊടുത്താലും പൊലീസ് സമയബന്ധിതമായി ഇടപെടുന്നില്ല എന്ന ആക്ഷേപവും സ്ത്രീകളുടെ ഭാഗത്ത് നിന്ന് ഉയർന്നിട്ടുണ്ട്. സ്ത്രീകളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിൽ പൊലീസ് ജാഗ്രത പുലർത്തണമെന്ന് കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

പരാതികൾ ലഭിക്കുമ്പോൾ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുകയും കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും വേണം. കമ്മീഷന് മുമ്പാകെ എത്തുന്ന പരാതികളിൽ പൊലീസിൽ പരാതി നൽകിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടാൽ പൊലീസിനോട് റിപ്പോർട്ട് തേടുകയാണ് കമ്മിഷൻ ചെയ്യുന്നത്. പക്ഷേ പലപ്പോഴും പൊലീസിന്റെ ഭാഗത്ത് നിന്ന് സമയബന്ധിതമായി റിപ്പോർട്ട് ലഭിക്കാത്ത സ്ഥിതിയുണ്ട്. 10 പരാതികളാണ് ഇന്ന് പൊലീസ് റിപ്പോർട്ടിനായി കൈമാറിയിട്ടുള്ളത്. പണമിടപാട് തർക്കങ്ങളിൽ പൊലീസിനെതിരെ ആക്ഷേപം ഉയർന്ന പരാതികളും കമ്മീഷന് മുമ്പാകെ എത്തിയിട്ടുണ്ട്. പൊലീസുകാർക്കെതിരായ പരാതികളിൽ അന്വേഷിച്ച് കൃത്യമായ റിപ്പോർട്ട് നൽകണമെന്ന് കമ്മിഷൻ ആവശ്യപ്പെട്ടു.

വാർഡുതല ജാഗ്രതാസമിതികളുടെ പ്രവർത്തനം ജില്ലയിൽ കൂടുതൽ കാര്യക്ഷമമാക്കണമെന്നും അയൽപക്ക തർക്കങ്ങളിലും മദ്യാപാനം മൂലമുള്ള ഗാർഹിക പ്രശ്നങ്ങളിലും ജാഗ്രതാസമിതികളുടെ ഫലപ്രദമായ ഇടപെടൽ ആവശ്യമാണെന്നും കമ്മീഷൻ നിരീക്ഷിച്ചു. ജാഗ്രതാസമിതികൾ കാര്യക്ഷമമാണെങ്കിൽ സൗഹാർദപരമായ അന്തരീക്ഷം ഗ്രാമപ്രദേശങ്ങളിൽ നിലനിർത്താൻ കഴിയുമെന്നും അധ്യക്ഷ പറഞ്ഞു.

ആലപ്പുഴ ഗസ്റ്റ്ഹൗസിൽ സംഘടിപ്പിച്ച ജില്ലാതല അദാലത്തിൽ സംസ്ഥാന വനിതാ കമ്മിഷൻ 62 പരാതികളാണു പരിഗണിച്ചത്. 15 കേസുകൾ തീർപ്പാക്കി. 10 കേസുകളിൽ പൊലീസ് റിപ്പോർട്ട് ആവശ്യപ്പെട്ടു. ജില്ലാ ലീഗൽ സർവീസ് അതോറിറ്റിക്ക് മൂന്ന് കേസുകളും ജാഗ്രതാസമിതിക്ക് രണ്ട് കേസുകളും കൈമാറി. 32 പരാതികൾ അടുത്ത സിറ്റിങ്ങിലേക്ക് മാറ്റി. അദാലത്തിൽ പുതുതായി നാല് പരാതികളും ലഭിച്ചു.

രാവിലെ 10 മണിക്ക് ആരംഭിച്ച അദാലത്തിൽ അധ്യക്ഷ അഡ്വ. പി. സതീദേവിക്കൊപ്പം കമ്മീഷൻ അംഗമായ വി.ആർ. മഹിളാമണിയും പങ്കെടുത്തു. പാനൽ അഭിഭാഷകരായ അഡ്വ. ജീനു എബ്രഹാം, അഡ്വ. രേശ്മ ദിലീപ്, വനിത സെൽ എസ് ഐ എന്നിവരും കമ്മീഷനെ സഹായിക്കാൻ ഉണ്ടായിരുന്നു.

# സംരംഭകർക്ക് ഹെൽപ്പ് ഡെസ്ക്

**ആലപ്പുഴ:** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻസ് ഓഫ് ഇന്ത്യയുമായി ചേർന്ന് സംരംഭകർക്കായി മാസം തോറും നടത്തിവരാറുള്ള ഹെൽപ്പ് ഡെസ്ക് ഡിസംബർ 21ന് ആലപ്പുഴ കൈതവന അത്തിത്തറ ക്ഷേത്രത്തിന് സമീപമുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻസ് ഓഫ് ഇന്ത്യയുടെ ആലപ്പുഴ ജില്ലാ ഓഫീസിൽ രാവിലെ 10 മണി മുതൽ ഉച്ചക്ക് ഒരുമണി വരെ നടത്തും. സംരംഭകർക്ക് അക്കൗണ്ട്സ്, ഫിനാൻസ്, ഓഡിറ്റ് സംബന്ധമായ സേവനങ്ങൾ സൗജന്യമായി ഹെൽപ്പ് ഡെസ്ക് മുഖേന ലഭിക്കും. ഫോൺ: 04772241272.

# ഫോക്‌ലോർ ഫെസ്റ്റിൽ ഇഷൽ ഫെസ്റ്റ് 29 ന്

**വൈപ്പിൻ:** ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി ഇഷൽ ഫെസ്റ്റ് ഈ മാസം 29ന് എടവനക്കാട് പുളിക്കനാട്ട് ഓഡിറ്റോറിയത്തിൽ നടത്തുമെന്ന് കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ അറിയിച്ചു. ജനകീയ കലാരൂപങ്ങളായ ഒപ്പന, മാപ്പിളപ്പാട്ട്, കോൽക്കളി എന്നിവയിൽ സംസ്ഥാന തല മത്സരങ്ങളാണ് ഇഷൽ ഫെസ്റ്റിൽ അരങ്ങേറുക.

അറബിച്ചുവയുള്ള മലയാളം ഭാഷയിൽ ജനകീയവും സംഗീതാത്മകവുമായി അവതരിപ്പിക്കുന്ന മാപ്പിളപ്പാട്ടുകൾ ഏറെ ആസ്വാദ്യകരമാണ്. മുസ്ലിം കുടുംബങ്ങളിലെ വിവാഹാഘോഷഭാഗമായ ഒപ്പനയും കോൽക്കളിയും ജാതിമതഭേദമെന്യേ ആകർഷകം. മത്സരങ്ങളിൽ പങ്കാളികളാകുന്നവർക്ക് സർട്ടിഫിക്കറ്റും വിജയിക്കുന്നവർക്ക് ക്യാഷ് പ്രൈസും ഉൾപ്പെടെ ഇഷൽ ഫെസ്റ്റിൽ സമ്മാനിക്കും. മത്സരങ്ങളിൽ പങ്കെടുക്കാൻ ഈ മാസം 22 നകം രജിസ്റ്റർ ചെയ്യണം. ഫോൺ: 9446467435, 8714434021.

# കാലിഫോർണിയ ബദാം രോഗപ്രതിരോധ ശേഷി വർധിപ്പിക്കുമെന്ന് വിദഗ്ധർ

**കൊച്ചി:** സീസണുകൾ മാറുന്നതനുസരിച്ച് രോഗപ്രതിരോധശേഷി വർധിപ്പിക്കാൻ കാലിഫോർണിയ ബദാം ഉത്തമമാണെന്ന് പഠനം. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് പോഷകഗുണങ്ങളടങ്ങിയ ബദാം ദിനചര്യയിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് പോഷകാഹാര വിദഗ്ധ റിതിക സമദ്ദാർ. 15 അവശ്യ പോഷകങ്ങൾ അടങ്ങിയ കാലിഫോർണിയ ബദാം വൈവിധ്യമാർന്നതും ആരോഗ്യകരവുമാണെന്നും റിതിക പറയുന്നു.

പ്രോട്ടീൻ, ഫൈബർ, ആരോഗ്യകരമായ കൊഴുപ്പുകൾ തുടങ്ങിയ അവശ്യ പോഷകങ്ങളാൽ സമ്പുഷ്ടമായ കാലിഫോർണിയ ബദാം ദൈനംദിന ഭക്ഷണത്തിൽ മികച്ച പോഷക ഘടകങ്ങളുടെ അളവ് വർധിപ്പിക്കുന്നു. പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന ഭക്ഷണമായി ബദാമിനെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്എസ്എസ്എഐ) അംഗീകരിച്ചിട്ടുണ്ടെന്നും റിതിക പറയുന്നു. അടുത്തിടെ പ്രസിദ്ധീകരിച്ച ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) ഇന്ത്യക്കാർക്കായുള്ള ഭക്ഷണ മാർഗ്ഗനിർദ്ദേശങ്ങളിൽ ബദാമിനെ മികച്ച ആരോഗ്യത്തിനായി ദിവസവും കഴിക്കാവുന്ന പോഷകസമൃദ്ധമായ വിഭവമായി അംഗീകരിക്കുന്നുണ്ട്.

# മണികോൺക്ലേവ് 2024: സാമ്പത്തിക നിക്ഷേപക ഉച്ചകോടി ഇന്നു മുതൽ

**കൊച്ചി:** രാജ്യത്തെ സാമ്പത്തിക വ്യവസായ അന്തരീക്ഷത്തെ ആഗോള സാമ്പത്തികനയങ്ങളുടെ പശ്ചാത്തലത്തിൽ അപഗ്രഥിക്കുന്ന മണി കോൺക്ലേവ് 2024 ഉച്ചകോടി ഇന്നു മുതൽ നെടുമ്പാശേരി സിയാൽ കൺവെൻഷൻ സെന്ററിൽ ആരംഭിക്കും. ദ്വിദിന സമ്മേളനത്തിൽ രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി വിദഗ്ധരക്കം പതിനയ്യായിരത്തോളം പേരാണ് പങ്കെടുക്കുന്നത്.ധനമന്ത്രി കെ എൻ ബാലഗോപാൽ, വ്യവസായനിയമകയർ മന്ത്രി പി രാജീവ്, ഹൈബി ഈഡൻ എം പി, നിയമസഭ പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി, കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, മണി കോൺക്ലേവ് സ്ഥാപകരായ ഇബ്നുജാല എം, അഫ്താബ് ഷൗക്കത്ത്, സിഎ അഭിജിത്ത് പ്രേമൻ, ഫാരിഷ് നൗഷാദ്, നെസ്‌റീൻ മിഥിലാജ് നദീം,ജസീൽ തുടങ്ങിയവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കും.

പേഴ്സണൽ ഫിനാൻസ്, സുസ്ഥിര നിക്ഷേപങ്ങൾ, റിയൽ എസ്റ്റേറ്റ്, സ്റ്റാർട്ടപ്പുകൾ, ഫിൻടെക്, ബ്രാൻഡ് ബിൽഡിംഗ് തുടങ്ങി വിവിധ മേഖലകളിൽ രണ്ട് ദിവസത്തെ ഉച്ചകോടിയിൽ ചർച്ച നടക്കും. നാൽപ്പതിലധികം പ്രഭാഷകർ, നൂറിലേറെ നിക്ഷേപകർ, വെഞ്ചർ ക്യാപിറ്റലിസ്റ്റുകൾ, സ്റ്റാർട്ടപ്പുകൾ, ഓഹരിവ്യാപാരികൾ തുടങ്ങിയവർ ഈ ഉച്ചകോടിയിൽ പങ്കെടുക്കും.

ഫിനാൻഷ്യൽ ഇൻഡിപെൻഡൻസ്നേരത്തെ വിരമിക്കൽ, വിദ്യാഭ്യാസത്തിലൂടെ ശാക്തീകരണംസാമ്പത്തിക സാക്ഷരതയിൽ എഡ്ടെക്കിൻറെ സ്ഥാനം, ഇന്ത്യയുടെ സാമ്പത്തിക വിപണിയുടെ പശ്ചാത്തലത്തിൽ സുസ്ഥിര സമ്പത്തിൻറെ പങ്ക്, ഇന്ത്യയിലെ ഫിൻടെക്കിൻറെ പരിണാമം, ഓഹരിഅന്താരാഷ്ട്ര വിപണി, സമ്പത്തും ഉദ്ദേശ്യലക്ഷ്യങ്ങളും, റിയൽ എസ്റ്റേറ്റ് എന്ന സ്വത്ത്, ആഗോള നിക്ഷേപം, രണ്ടാം തലമുറ സ്റ്റാർട്ടപ്പുകളുടെ പശ്ചാത്തലത്തിലെ സമ്പത്ത്, ഉത്തേജകമായ ഓഹരിവിപണിവരുമാനവർധന,ക്രിപ്റ്റോബ്ലോക്ക് ചെയിൻ, കേരളത്തിൽ നിന്നുള്ള ആഗോള ബ്രാൻഡുകൾ, സ്വന്തം ബ്രാൻഡിലൂടെ സ്വയം ശാക്തീകരണം എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടക്കും.




# കാമ്രി പുറത്തിറക്കി ടൊയോട്ട

**കൊച്ചി:** പവർഫുൾ പെർഫോമെൻസ്, മികവുറ്റ സ്റ്റൈൽ, സുരക്ഷ എന്നിവ സംയോജിപ്പിച്ച് ഉപഭോക്താക്കൾക്ക് ആഡംബര സെഡാൻ അനുഭവം പ്രദാനം ചെയ്യുന്ന പരിസ്ഥിതി സൗഹൃദ വാഹനമായ പുതിയ ഹൈബ്രിഡ് ഇലക്ട്രിക് കാമ്രി പുറത്തിറക്കി ടൊയോട്ട കിർലോസ്കർ മോട്ടോർ. ടൊയോട്ടയുടെ ഫിഫ്ത്ത് ജനറേഷൻ ഹൈബ്രിഡ് ടെക്നോളജിയും ഉയർന്ന ശേഷിയുള്ള ലിഥിയം അയൺ ബാറ്ററിയും ചേർന്ന് ബെസ്റ്റ് ഇൻ ക്ലാസ് ഇന്ധനക്ഷമതയായ 25.49 കിലോമീറ്റർ/ലിറ്റർ ഉപഭോക്താക്കൾക്കായി വാഗ്ദാനം ചെയ്യുന്നു. നവീകരിച്ച 2.5 ലിറ്റർ ഡൈനാമിക് ഫോഴ്സ് എഞ്ചിൻ പവറിന്റെയും സുഗമമായ ഡ്രൈവിങ് അനുഭവത്തിന്റെയും ഏറ്റവും മികച്ച സംയോജനമാണ് ഉപഭോക്താക്കൾക്ക് ലഭിക്കുകയെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.

ഏറ്റവും പുതിയ ടൊയോട്ട സേഫ്റ്റി സെൻസ് 3.0 (ടിഎസ്എസ് 3.0), 9 എസ്ആർഎസ് എയർബാഗുകൾ (ഫ്രണ്ട് ഡ്രൈവറും പാസഞ്ചറും, ഫ്രണ്ട് സൈഡ്, റിയർ സൈഡ്, കർട്ടൻ ഷീൽഡ്, ഡ്രൈവറുടെ കാൽമുട്ടിന്റെ ഭാഗം), എന്നിവ ഡ്രൈവർക്കും സഹ യാത്രക്കാർക്കും പൂർണ സുരക്ഷ ഉറപ്പാക്കുന്നു. വാഹനത്തിന്റെ ഫ്രണ്ട് ബംപറും ഉയർന്നതും വീതിയുള്ളതുമായ ലോവർ ഗ്രില്ലും ഒരു പുതിയ ബോൾഡ് ലുക്കാണ് വാഹനത്തിന് നൽകുന്നത്.

ഡാറ്റാ കമ്മ്യൂണിക്കേഷൻ മൊഡ്യൂൾ (ഡിസിഎം), റിമോട്ട് എസി പാക്കേജ്, വിനോദവും ആപ്പുകളും അടങ്ങിയ 12.3 ഇഞ്ച് മൾട്ടിമീഡിയ ഉൾപ്പെടുന്ന കട്ടിങ് എഡ്ജ് ടെലിമാറ്റിക്സും ഉജ്ജ്വലമായ ഗ്രാഫിക്സും മികച്ച ഡിസ്പ്ലേ നിലവാരവും നൽകുന്ന ഒരു പൂർണ ഗ്രാഫിക് മീറ്റർ 12.3 ഇഞ്ച് മൾട്ടിഇൻഫർമേഷൻ ഡിസ്പ്ലേ (എംഐഡി)യും വാഹനത്തിൽ സജ്ജീകരിച്ചിരിക്കുന്നു. ഇന്ത്യയിലുടനീളം 48,00,000 രൂപ എക്സ് ഷോറൂം വിലയിൽ പുതിയ കാമ്രി ഹൈബ്രിഡ് ഇലക്ട്രിക് വാഹനം ലഭ്യമാണ്.പുതിയ 2.5 ലിറ്റർ ഡൈനാമിക് ഫോഴ്സ് എഞ്ചിൻ, ട്രാൻസ്മിഷൻഇസിവിടി (ഇലക്ട്രോണിക് കണ്ടിന്യൂസ്ലി വേരിയബിൾ ട്രാൻസ്മിഷൻ) സ്പോർട്സ്, ഇക്കോ, സാധാരണ ഡ്രൈവിങ് മോഡുകൾ, മാനുവൽ ഡ്രൈവ് പോലെയുള്ള ഫീലിങ്ങിനായി 10 സ്പീഡ് സീക്വൻഷ്യൽ ഷിഫ്റ്റ് മോഡ്, ഫിഫ്ത്ത് ജനറേഷൻ ടൊയോട്ട ഹൈബ്രിഡ് സിസ്റ്റം, നൂതനവും ഭാരം കുറഞ്ഞതുമായ ലിഥിയം അയൺ ബാറ്ററി, ഒപ്റ്റിമൽ ട്രൂണ്ട് മാക്‌പെർസൺ സ്ട്രട്ട് സസ്പെൻഷനും മൾട്ടിലിങ്ക് ടൈപ്പും തുടങ്ങിയവയാണ് പ്രധാന ഫീച്ചറുകൾ.

# നോർവേയ്ക്ക് യുസി.എസ്.എൽ നിർമ്മിക്കുന്ന ആദ്യ കപ്പൽ പുറത്തിറക്കി

**കൊച്ചി:** കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഉഡുപ്പി കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ്, വിൽസൺ എ.എസ്.എ. നോർവേയ്ക്കു നിർമ്മിക്കുന്ന ആറ് 3800 ടി.ഡി.ഡബ്ല്യു. ജനറൽ കാർഗോ കപ്പലുകളടങ്ങുന്ന പരമ്പരയിലെ ആദ്യ കപ്പൽ പുറത്തിറക്കി.

റോയൽ നോർവീജിയൻ എംബസിയിലെ മിനിസ്റ്റർ കൗൺസലറും ഡെപ്യൂട്ടി ഹെഡ് ഓഫ് മിഷനുമായ മിസ്. മാർട്ടിൻ ആംദൽ ബോത്തെ ആണ് കപ്പൽ പുറത്തിറക്കിയത്. വിൽസൺ എ.എസ്.എ.യുടെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ ഐനാർ ടോൺസി നോടൊപ്പം കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ, കൊച്ചിൻ ഷിപ്പ്‌യാർഡിലെ ഡയറക്ടർ (ടെക്നിക്കൽ) ബിജോയ് ഭാസ്കർ, ഉഡുപ്പികൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എ ഹരികുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

നോർവേയിലെ ബെർഗെൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന വിൽസൺ എ.എസ്.എ., യൂറോപ്പിലെ പ്രമുഖ ഷോർട്ട് സീ ഫ്ലീറ്റ് ഓപ്പറേറ്ററാണ്, കൂടാതെ യൂറോപ്പിലുടനീളം ഏകദേശം 15 ദശലക്ഷം ടൺ ഡ്രൈ കാർഗോ എത്തിക്കുകയും



ചെയ്യുന്നു. കമ്പനി 1500 ഡി.ഡബ്ല്യു.ടി. മുതൽ 8500 ഡി.ഡബ്ല്യു.ടി. വരെയുള്ള 130 ഓളം കപ്പലുകളുടെ ഒരു നിര പ്രവർത്തിപ്പിക്കുന്നു.വിൽസൺ എഎസ്എ, 2024 ജൂണിലും 2024 സെപ്റ്റംബറിലുമായി രണ്ട് ബാച്ചുകളായി 6300 ടി.ഡി.ഡബ്ല്യു. ഡ്രൈ കാർഗോ കപ്പലുകളുടെ 8 എണ്ണത്തിനുള്ള ഓർഡറിലും ഒപ്പുവച്ചു. ആകെ 14 കപ്പലുകൾ. പദ്ധതികൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് യാർഡ് ഏറ്റെടുത്തതിനു ശേഷം, യു.സി.എസ്.എൽ അദാനി ഹാർബർ സർവീസസ് ലിമിറ്റഡ് കമ്പനിയായ ഓഷ്യൻ സ്പാർക്കിൾ ലിമിറ്റഡിനു വേണ്ടി രണ്ട് 62 ടൺ ബൊള്ളാർഡ് പുൾ ടഗ്ഗുകൾ, എന്നിവ പോൾസ്റ്റാർ മാരിടൈം ലിമിറ്റഡിനു വേണ്ടി രണ്ട് 70 ടൺ ബൊള്ളാർഡ് പുൾ ടഗ്ഗുകൾ എന്നിവ നിർമ്മിച്ചു നൽകി.ഓഷ്യൻ സ്പാർക്കിൾ ലിമിറ്റഡ് (മൂന്ന്), പോൾസ്റ്റാർ മാരിടൈം ലിമിറ്റഡ് (ഒന്ന്) എന്നിങ്ങനെ നാല് 70 ടൺ ബൊള്ളാർഡ് പുൾ ടഗുകളുടെ കൂടുതൽ ഓർഡറുകളും യു.സി.എസ്.എൽ.ന് ലഭിച്ചിട്ടുണ്ട്.

കപ്പലിന് 89.43 മീറ്റർ നീളവും 13.2 മീറ്റർ വീതിയും 4.2 മീറ്റർ ഡ്രാഫ്റ്റുമുണ്ട്. നെതർലാൻഡ്സിലെ കൊനോഷിപ്പ് ഇന്റർനാഷണൽ രൂപകൽപ്പന ചെയ്ത കപ്പലുകൾ യൂറോപ്പിലെ തീരക്കടലിൽ പൊതു ചരക്ക് ഗതാഗതത്തിനായി പരിസ്ഥിതി സൗഹൃദ ഡീസൽ ഇലക്ട്രിക് യാനങ്ങളായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്.'ഉഡുപ്പികൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് (യുസി.എസ്.എൽ.), വിൽസൺ എ.എസ്.എ.യ്ക്ക് വേണ്ടി കോണോഷിപ്പ് ഇന്റർനാഷണലുമായി സഹകരിച്ച് മികച്ച കപ്പൽ നിർമ്മിച്ചുകൊണ്ട് അന്താരാഷ്ട്ര കപ്പൽനിർമ്മാണ വിപണിയിൽ ശക്തമായ ചുവടുറപ്പിച്ചിരിക്കുന്നതായി സി.എസ്.എൽ. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു നായർ പറഞ്ഞു.

# കഥകളിലൂടെ കലാമണ്ഡലം; ഡിമിസ്റ്റിഫയിംഗ് ട്രെഡിഷൻസ് 31ന്

**കൊച്ചി/ ചെറുതുരുത്തി:** കേരളത്തിന്റെ പാരമ്പര്യ ശാസ്ത്രീയ കലാരൂപങ്ങളുടെ ഈറ്റില്ലമായ കേരള കലാമണ്ഡലം 'കഥകളിലൂടെ കലാമണ്ഡലം; ഡിമിസ്റ്റിഫയിംഗ് ട്രെഡിഷൻസ്' എന്ന പേരിൽ പുതുമയാർന്നതും വ്യത്യസ്തവുമായ പുതുവത്സരാഘോഷം സംഘടിപ്പിക്കുന്നു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സഹകരണത്തോടെ ഈ മാസം 31 ന് ഉച്ചകഴിഞ്ഞ് 2 മണിമുതൽ പുലർച്ചെ 1 മണിവരെ, ഭാരതപ്പുഴയോട് ചേർന്നുള്ള നിള ക്യാംപസിലാണ് സാംസ്കാരിക സന്ധ്യ സംഘടിപ്പിക്കുന്നത്. കലാമണ്ഡലത്തിന്റെ വരും കാലപ്രവർത്തനങ്ങൾക്ക് ഊർജ്ജവും മാർഗ്ഗവും നൽകുവാൻ താൽപ്പര്യപ്പെടുന്നവർക്കായി, അതിന്റെ വാതായനങ്ങൾ തുറന്നുകൊടുക്കുക എന്ന ചരിത്രപ്രാധാന്യമുള്ള ഒരു ദൗത്യത്തിന് തുടക്കം കുറിക്കുന്നു എന്നുള്ളതാണ് ഈ സായം സന്ധ്യയുടെ പ്രധാന സവിശേഷത എന്ന് കേരള കലാമണ്ഡലം രജിസ്ട്രാർ ഡോ. രാജേഷ് കുമാർ പി പറഞ്ഞു. കല, സംസ്കാരം എന്നിവയെ സംരക്ഷിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഗൗരവമായ സാമൂഹിക ഉത്തരവാദിത്തം നിർവഹിക്കുകയാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളം ആസ്ഥാനമായ ബാങ്കെന്ന നിലയിൽ ഈ നാടിന്റെ മഹത്തായ കലാ പാരമ്പര്യത്തെ സംരക്ഷിക്കുന്നതിലും ദേശീയ, അന്തർദേശീയ തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിലും സൗത്ത് ഇന്ത്യൻ ബാങ്ക് എക്കാലവും പ്രതിബദ്ധരായിരിക്കുമെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജരും ചീഫ് ഇൻഫർമേഷൻ ഓഫീസറുമായ സോണി എ പറഞ്ഞു. ക്ലാസ്സിക്കൽ കലകളുടെ പൈതൃകത്തെ ആദരിക്കുന്നതിനോടൊപ്പം പുതുവർഷം അർത്ഥവത്തായി തുടങ്ങുന്നതിനുമുള്ള അവസരമാണിതെന്നും അദ്ദേഹം പറഞ്ഞു.കഥകളി, മോഹിനിയാട്ടം, ദീപ പാലനാട്, സുദീപ് പാലനാട് എന്നിവർ നയിക്കുന്ന കഥകളി മോജോ തുടങ്ങിയ അവതരണങ്ങൾക്ക് പുറമെ, കഥകളിയുടെ ആഹാര്യ സൗന്ദര്യ രീതികളെ അധിഷ്ഠിതമാക്കി പ്രത്യേകം രൂപകൽപന ചെയ്ത ഭക്ഷണം, ഫാഷൻ, കരകൗശല ഉൽപന്നങ്ങൾ എന്നിവയുടെ തൽസമയനിർമാണവും പ്രദർശനവും നടക്കും. സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജറും ബ്രാഞ്ച് ബാങ്കിങ് ഹെഡ്മായ ബിജി എസ് എസ്, മാർക്കറ്റിംഗ് ഹെഡ് രമേഷ് കെ പി, കഥകളിലൂടെ കലാമണ്ഡലം ക്യൂറേറ്റർ ലക്ഷ്മി മേനോൻ, പ്രോഗ്രാം കോർഡിനേറ്റർ കേശവൻ നാരായണൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# പ്ലാൻ അറ്റ് ആർട്ട്; പ്രദർശനം ആരംഭിച്ചു

**കൊച്ചി:** കായലിൽ നിന്നും കടലിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങളാൽ നിർമ്മിച്ച കലാസൃഷ്ടികളുടെ പ്രദർശനം 'പ്ലാൻ അറ്റ് ആർട് ' ആരംഭിച്ചു. ഫോർട്ടുകൊച്ചി ജയിൽ ഓഫ് ഫ്രീഡം സ്ട്രഗിൾ കെട്ടിടത്തിൽ ആരംഭിച്ച പ്രദർശനം കെ.ജെ. മാക്സി എം.എൽ.എ ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ഹെറിറ്റേജ് സോൺ കൺസെർവേഷൻ സൊസൈറ്റി സെക്രട്ടറി ബോണി തോമസ്, പ്ലാൻ@എർത്ത് പ്രസിഡന്റ് മുജീബ് മുഹമ്മദ്, എന്നിവർ പങ്കെടുത്തു. സന്നദ്ധ സംഘടനയായ പ്ലാൻ@എർത്തും എച്ച് സി എൽ ഫൗണ്ടേഷന് കീഴിലുള്ള എച്ച് സി എൽടെക് ഗ്രാന്റും സംയുക്തമായാണ് പ്രദർശനം സംഘടിപ്പിക്കുന്നത്. കൊച്ചിൻ ഹെറിറ്റേജ് സോൺ കൺസെർവേഷൻ സൊസൈറ്റിയും കൊച്ചിൻ കാർണിവലും പ്രദർശനവുമായി സഹകരിക്കുന്നു.ഡിസംബർ 30 വരെ രാവിലെ 10 മുതൽ രാത്രി എട്ട് മണിവരെ നടക്കുന്ന പ്രദർശനത്തിലേക്കുള്ള പ്രവേശനം സൗജന്യമാണ്. ലോകപ്രശസ്ത കലാകാരൻ വിൻസെന്റ് വാൻഗോഗിന്റെ ചിത്രങ്ങളുടെ അനുകരണങ്ങൾ ഉൾപ്പെടെയുള്ള 30 ഓളം കലാസൃഷ്ടികളാണ് പ്രദർശനത്തിലുള്ളത്.



ഡ്രോപ്പ് പദ്ധതിയുടെ (ഡ്രൈവ് ടു റിക്കവർ ഓഷ്യൻ പ്ലാസ്റ്റിക്ക്) ഭാഗമായാണ് പ്ലാൻ@എർത്ത് കടലിൽ അടിഞ്ഞു കൂടിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നത്. ഇങ്ങനെ ശേഖരിച്ച വലയുടെ അവശിഷ്ടങ്ങളും മറ്റ് പ്ലാസ്റ്റിക്ക് മാലിന്യങ്ങളും ചേർത്താണ് കലാ പ്രദർശനം ഒരുക്കിയിരിക്കുന്നത്. പ്ലാൻ@എർത്തിലെ ഡിസൈനിങ്ങ് ടീമാണ് കലാനിർമാണങ്ങൾ പൂർത്തിയാക്കിയത്. പ്രദർശനത്തിന്റെ ഭാഗമായി ഫോർട്ടുകൊച്ചി ജയിൽ ഓഫ് ഫ്രീഡം സ്ട്രഗിൾ കെട്ടിട വളപ്പിൽ വിവിധ കലാപരിപാടികൾ ഉണ്ടാകും.

# കൾച്ചർ എക്സലൻസ് അഡ്മിഷനുമായി ഐഐടി മദ്രാസ്

**കൊച്ചി:** ഐഐടിയായി ലളിത കലാ സാംസ്കാരിക മികവുള്ള വിദ്യാർത്ഥികൾക്ക് രാജ്യത്തെ ആദ്യമായി അഡ്മിഷൻ സംവരണം അവതരിപ്പിച്ച് ഐഐടി മദ്രാസ്. 2025-26 അധ്യയന വർഷം മുതലാണ് ബിരുദതല പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷനിൽ 'ഫൈൻ ആർട്സ് ആൻഡ് കൾച്ചർ എക്സലൻസ്' സംവരണം ഐഐടി മദ്രാസ് അവതരിപ്പിക്കുന്നത്.



ഈ സ്കീമിനു കീഴിൽ ഐഐടി മദ്രാസിന്റെ എല്ലാ ബി.ടെക്, ബി.എസ് പ്രോഗ്രാമുകളിലും ഓരോ ഡിപ്പാർട്ട്മെന്റും രണ്ട് സീറ്റുകൾ വീതം സംവരണം ചെയ്യും. ഇതിൽ ഒന്ന് പെൺകുട്ടികൾക്ക് മാത്രമായി സംവരണം ചെയ്തട്ടുണ്ട്.

പ്രത്യേക പോർട്ടൽ (https://jee-adv.iitm.ac.in/face) വഴി ആയിരിക്കും പ്രവേശനം. 2025-2026 അധ്യയന വർഷത്തിലേക്ക് ഐഐടി മദ്രാസ് മാത്രമാണ് ഫൈൻ ആർട്സ് ആൻഡ് കൾച്ചർ എക്സലൻസ് അഡ്മിഷൻ മുഖേന സീറ്റുകൾ വാഗ്ദാനം ചെയ്യുന്നതെന്ന് അധികൃതർ വ്യക്തമാക്കി.

# ആൾട്ട് ഡിആർഎക്സ് ഹോം കേരളത്തിലും

കൊച്ചി: റിയൽ എസ്റ്റേറ്റ് നിക്ഷേപ പ്ലാറ്റ്ഫോമായ ആൾട്ട് ഡിആർഎക്സ് ഹോളിഡേ ഹോം കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നു. കേരളത്തിന്റെ ശക്തമായ ടൂറിസം വളർച്ചയെ മുന്നിൽ കണ്ടുകൊണ്ടാണ് ഈ നീക്കം. കേരളത്തിലെ പ്രധാന ടൂറിസ്റ്റ് ലൊക്കേഷനുകളിലെ ഉയർന്ന നിലവാരമുള്ള ഹോളിഡേ ഹോമുകളായിരിക്കും പ്രധാന ആകർഷണം. ഇത് വളർന്നുവരുന്ന ടൂറിസം മേഖലയിൽ നിക്ഷേപകർക്ക് മികച്ച അവസരങ്ങൾ നൽകും. മൂന്നാറിലെ ഹിൽസ്റ്റേഷനിൽ സ്ഥിതിചെയ്യുന്ന 14 പ്രീമിയം കോട്ടേജുകളുള്ള റിസോർട്ടാണ് പോർട്ട്ഫോളിയോയിലെ ആദ്യ പർച്ചേസ്. ഗോവ പോലുള്ള സ്ഥാപിത വിപണികളിൽ കാണുന്ന നിലവിലെ ശരാശരിയെക്കാൾ ഉയർന്ന 7 10% റെന്റൽ ആദായം നിക്ഷേപകർക്ക് കേരളത്തിൽ പ്രതീക്ഷിക്കുന്നുണ്ട്. കേരളത്തിന്റെ ടൂറിസം വളർച്ചയും അടിസ്ഥാന സൗകര്യ വികസനത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയും ഹോളിഡേ ഹോം വിപണിയിൽ മികച്ച അവസരമാണ് നൽകുന്നതെന്ന് ആൾട്ട് ഡിആർഎക്സ് സ്ഥാപകൻ അവിനാഷ് റാവു പറഞ്ഞു.

# ഡോ. പ്രേം നായർ ടെലിമെഡിസിൻ സൊസൈറ്റി ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ്

**കൊച്ചി:** പി.ജി.ഐ. ചണ്ഡീഗഢിൽ നടന്ന ടെലിമെഡിസിൻ സൊസൈറ്റി ഓഫ് ഇന്ത്യയുടെ വാർഷിക അന്താരാഷ്ട്ര സമ്മേളനമായ ടെലിമെഡിക്കോൺ 2024ൽ അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ ടെലിമെഡിസിൻ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ദേശീയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.നിലവിൽ ടെലിമെഡിസിൻ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരള ഘടകം സ്ഥാപക പ്രസിഡന്റാണ് ഡോ. പ്രേം നായർ.2003ൽ അമൃത ആശുപത്രിയിലെ ഐ.എസ്.ആർ.ഒ ടെലിമെഡിസിൻ സംവിധാനം ഉപയോഗിച്ച് നടത്തിയ ജീവൻ രക്ഷാ ദൗത്യത്തെ കുറിച്ച് പ്രസ്തുത ചടങ്ങിൽ ടെലിമെഡിസിൻ സൊസൈറ്റി കേരള ഘടകത്തിന്റെ ഹോണററി സെക്രട്ടറി ബിജോയ് പ്രബന്ധം അവതരിപ്പിച്ചു.

# കോൺകോർഡ് എൻവിറോ സിസ്റ്റംസ് ഐപിഒ ഡിസംബർ 19 മുതൽ

**കൊച്ചി:** കോൺകോർഡ് എൻവിറോ സിസ്റ്റംസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഡിസംബർ 19 മുതൽ 23 വരെ നടക്കും. 175 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 4,186,368 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 665 രൂപ മുതൽ 701 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 21 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 21ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# വെൻറീവ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡ് ഐപിഒ ഡിസംബർ 20 മുതൽ

**കൊച്ചി:** വെൻറീവ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡിൻറെ (മുമ്പ് ഐസിസി റീൽറ്റി (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്) പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഡിസംബർ 20 മുതൽ 24 വരെ നടക്കും. 1600 കോടി രൂപയുടെ പുതിയ ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 610 രൂപ മുതൽ 643 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 23 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 23ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# അഷ്ടമുടി കക്കയുടെ ഉൽപാദനം കുറയുന്നു; പുനരുജ്ജീവന പദ്ധതിയുമായി സിഎംഎഫ്ആർഐ

## അഷ്ടമുടികായലിൽ കക്കയുടെ 30 ലക്ഷം വിത്തുകൾ നിക്ഷേപിച്ചു

**കൊച്ചി:** പൂവൻ കക്ക എന്ന് വിളിക്കുന്ന അഷ്ടമുടികായലിലെ കക്കയുടെ ഉൽപാദനം ഗണ്യമായി കുറയുന്നതിന് പരിഹാരമായി പുനരുജ്ജീവന പദ്ധതിയുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കക്ക ഉൽപാദനത്തിൽ സ്വഭാവിക പുനരുജ്ജീവനം ലക്ഷ്യമിട്ട് കായലിൽ 30 ലക്ഷം കക്ക വിത്തുകൾ നിക്ഷേപിച്ചു. സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം കേന്ദ്രത്തിലെ ഹാച്ചറിയിൽ കൃത്രിമ പ്രജനന സാങ്കേതികവിദ്യയിലൂടെ ഉൽപാദിപ്പിച്ച വിത്തുകളാണ് കായലിൽ രണ്ടിടത്തായി നിക്ഷേപിച്ചത്. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന ബ്ലൂ ഗ്രോത്ത് പദ്ധതിയുടെ ഭാഗമായാണ് പദ്ധതി



സുസ്ഥിരമായ രീതിയിൽ കായലിൽ കക്കയുടെ ലഭ്യത പൂർവസ്ഥിതിയിലാക്കുകയാണ് ലക്ഷ്യം. മത്സ്യത്തൊഴിലാളികൾക്കും വിദേശ കയറ്റുമതി വ്യാപാരത്തിനും ഗുണകരമാകുന്നതാണ് പദ്ധതി. ബിഷപ്പ് തുരുത്ത്, വളം അൻസിൽ തുരുത്ത് എന്നിവിടങ്ങിലാണ് വിത്തുകൾ നിക്ഷേപിച്ചത്. ഒരു വർഷം നീണ്ടു നിന്ന ഗവേഷണത്തിലൂടെ സിഎംഎഫ്ആർഐ പൂവൻ കക്കയുടെ വിത്തുൽപാദന സാങ്കേതികവിദ്യ വികസിപ്പിച്ചതാണ് പുനരുജ്ജീവന പദ്ധതിക്ക് വഴിയൊരുക്കിയത്.

സാമ്പത്തികപാരിസ്ഥിതിക പ്രാധാന്യമുള്ള അഷ്ടമുടി കായലിലെ അമൂല്യ സമ്പത്താണ് ഈ കക്ക. എന്നാൽ, കുറച്ചു വർഷങ്ങളായി ഇവയുടെ ഉൽപാദനം ഗണ്യമായി കുറഞ്ഞു വരികയാണ്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് ഭീഷണിയാണിത്. സിഎംഎഫ്ആർഐയുടെ കണക്കുകൾ പ്രകാരം, 1990 കളുടെ തുടക്കത്തിൽ ഈ കക്കയുടെ വാർഷിക ലഭ്യത 10,000 ടൺ ഉണ്ടായിരുന്നത് സമീപകാലത്ത് ആയിരം ടണ്ണിൽ താഴെയായി കുത്തനെ കുറഞ്ഞിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം, തദ്ദേശീയമല്ലാത്ത ജീവിവർഗങ്ങളുടെ കടന്നുകയറ്റം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ എന്നിവയാകാം കക്ക കുറയാനുള്ള കാരണങ്ങളെന്ന് സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടി.അന്താരാഷ്ട്ര വിപണികളിൽ ആവശ്യക്കാരേറുന്നതിനാൽ മികച്ച കയറ്റുമതി സാധ്യതയുള്ളതാണ് അഷ്ടമുടി കക്ക.സിഎംഎഫ്ആർഐ വിഴിഞ്ഞം പ്രാദേശിക കേന്ദ്രം മേധാവി ഡോ ബി സന്തോഷ്, പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ എം കെ അനിൽ, ഡോ ഇമെൽഡ ജോസഫ്, ജോയിന്റ് ഫിഷറീസ് ഡയറക്ടർ എച്ച് സാലിം, ഡെപ്യൂട്ടി ഫിഷറീസ് ഡയറക്ടർ രമേഷ് ശശിധരൻ, സിഎംഎഫ്ആർഐ മുൻ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ കെ കെ അപ്പുകുട്ടൻ, ഡോ പി ഗോമതി എന്നിവർ സംസാരിച്ചു. സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളികൾ, കർഷകർ എന്നിവർ സംബന്ധിച്ചു.



# റോയൽ എൻഫീൽഡ് ബിസിനസ് വിപുലീകരിക്കുന്നു

**ന്യൂഡൽഹി:** മിഡ്സൈസ് (250സിസി 750സിസി ) മോട്ടോർസൈക്കിൾ സെഗ്മെന്റിലെ ആഗോള നേതാവായ റോയൽ എൻഫീൽഡ്, തങ്ങളുടെ പ്രീഓൺഡ് മോട്ടോർസൈക്കിൾ ബിസിനസായ റീ ഔൺ ന്റെ ഗണ്യമായ വിപുലീകരണം പ്രഖ്യാപിച്ചു. ഇന്ത്യയിലുടനീളമുള്ള 236 നഗരങ്ങളിലെ ഉപഭോക്താക്കൾക്കും ആർറി ആരാധകർക്കും അവരുടെ നിലവിലുള്ള മോട്ടോർസൈക്കിളുകൾ സൗകര്യപ്രദമായി വിൽക്കാനും റോയൽ എൻഫീൽഡിന്റെ ആവേശകരവും കഴിവുറ്റതുമായ ലൈനപ്പിൽ നിന്നുമുള്ള പുതിയ റൈഡിലേക്ക് അപ്ഗ്രേഡ് ചെയ്യാനുമാകും. പ്രീഓൺഡ് റോയൽ എൻഫീൽഡുകൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള സുതാര്യമായ പ്ലാറ്റ്ഫോമായ റീ ഔൺ, 2023ലാണ് തിരഞ്ഞെടുത്ത നഗരങ്ങളിൽ അവതരിപ്പിച്ചത്.

# ടാറ്റ ട്രാൻസ്ഫർമേഷൻ പുരസ്കാരങ്ങൾ സമ്മാനിച്ചു

**കൊച്ചി:** ടാറ്റ ഗ്രൂപ്പും ന്യൂയോർക്ക് അക്കാദമി ഓഫ് സയൻസസും ചേർന്ന് 2024ലെ ടാറ്റ ട്രാൻസ്ഫോർമേഷൻ പ്രൈസ് വിജയികൾക്കുള്ള പുരസ്കാരങ്ങൾ മുംബൈയിലെ താജ് മഹൽ പാലസിൽ നടന്ന ചടങ്ങിൽ സമ്മാനിച്ചു.ഇന്ത്യയിലെ ഭക്ഷ്യ സുരക്ഷ, സുസ്ഥിരത, ആരോഗ്യ സംരക്ഷണം തുടങ്ങി ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക വെല്ലുവിളികളെ നേരിടാൻ കഴിയുന്ന മികച്ച സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്ന ഇന്ത്യയിലെ ശാസ്ത്രജ്ഞരെ തിരിച്ചറിയാനും പിന്തുണയ്ക്കാനും ലക്ഷ്യമിട്ടുള്ളതാണ് 2023ൽ ആരംഭിച്ച ടാറ്റ ട്രാൻസ്ഫോർമേഷൻ പ്രൈസ്.ഭക്ഷ്യ സുരക്ഷ വിഭാഗത്തിൽ തിരുവനന്തപുരത്തെ സിഎസ്ഐആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയിലെ സി. ആനന്ദരാമകൃഷ്ണൻ പിഎച്ച്ഡി, സുസ്ഥിരത വിഭാഗത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ബോംബെയിലെ അമർത്യ മുഖോപാധ്യായ ഡിഫിൽ, ആരോഗ്യ സംരക്ഷ വിഭാഗത്തിൽ ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ രാഘവൻ വരദരാജൻ പിഎച്ച്ഡി എന്നിവരാണ് 2024 ലെ ടാറ്റ ട്രാൻസ്ഫർമേഷൻ പ്രൈസ് വിജയികളായി തിരഞ്ഞെടുക്കപ്പെട്ടത്.




ആദ്യം സാങ്കേതിക എന്ന വരാൻ പോകുന്ന കാലത്ത് ഇന്ത്യയ്ക്ക് വലിയ തോതിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കാഴ്ചപ്പാടിൽ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണെന്ന് ടാറ്റ സൺസ് ബോർഡ് ചെയർമാൻ എൻ.ചന്ദ്രശേഖരൻ പറഞ്ഞു. പുതിയ സാങ്കേതികവിദ്യയുടെ അപ്പുറത്തേയ്ക്കുള്ള ആഴമേറിയതും അടിസ്ഥാനപരവുമായ ഗവേഷണങ്ങളും പുതുമയുള്ളവരുമായ ശാസ്ത്രജ്ഞരെയും ആവശ്യമുണ്ട്. ഇന്ത്യയിലെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ വിപുലമായ തോതിലുള്ള വിന്യാസത്തിന് തയ്യാറുള്ള, ഇന്ത്യയിലുടനീളമുള്ള ഗവേഷണ ലാബുകളിൽ വികസിപ്പിച്ചെടുത്ത പുതിയ കണ്ടുപിടുത്തങ്ങളെ തിരിച്ചറിയുകയും പിന്തുണയ്ക്കുകയും ചെയ്യുക എന്നതാണ് ടാറ്റ ട്രാൻസ്ഫർമേഷൻ പ്രൈസിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.സംസ്ഥാനങ്ങളിൽ നിന്നുള്ള 169 എൻട്രികളിൽ നിന്നാണ് വിദഗ്ധ അന്താരാഷ്ട്ര ജൂറി 2024ലെ ടാറ്റ ട്രാൻസ്ഫോർമേഷൻ പ്രൈസ് വിജയികളെ തിരഞ്ഞെടുത്തത്.

